കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഉദുമ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

**e-mail: doksd.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി8/1224/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 09-01-2020.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)
ഉദുമ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ഉദുമ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.ഈ റിപ്പോർട്ടിലെ 1, 3 എന്നീ ഭാഗങ്ങളിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് **ഓൺലൈനായി** അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

<u>പകർപ്പ്:</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി8 /1224/2019. തിയ്യതി: 09-01-2020.

## കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2018 മുതൽ 31-03-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഉണ്ണി.പി.കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10-12-2019മുതൽ 19-12-2019വരെ |

**<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>**

| | |
|---|---|
| ശ്രീ.ഗോപാലകൃഷ്ണ നായിക്.പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിനോദ് കുമാർ.സി | ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശ്രീ.തോമസ്.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.കഞ്ഞികൃഷ്ണൻ.കെ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.ബിന്ദു.വി.വി | ഓഡിറ്റർ |

<u>നിർവഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | മുഹമ്മദ് അലി.കെ.എ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | വത്സൻ.എം | 01.04.2018 മുതൽ 28.6.2018 FN വരെ |
| | എസ്.സിറോഷ് | 28.6.2018 AN മുതൽ 08.10.2018 FN വരെ |
| | ദേവദാസ് .പി | 08.10.2018 AN മുതൽ 31.03.2019 വരെ |

<u>നിർവഹണ ഉദ്യോഗസ്ഥർ (01-04-2018മുതൽ 31-03-2019 വരെ )</u>

| ക്രമ.നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | പി.കെ പത്മകുമാർ | 01.04.2018 മുതൽ 21.06.2018 വരെ |
| | | അഷറഫ് എൻ.ബി | 22.06.2018 മുതൽ 31.03.2019 വരെ |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | രമ്യ.ടി.വി | 01.04.2018 മുതൽ 30.06.2018 വരെ |
| | | ടിന്റു.എൻ.സി | 01.07.2018 മുതൽ 11.10.2018 വരെ |
| | | രമ്യ.ടി.വി | 12.10.2018 മുതൽ 01.01.2019വരെ |
| | | പ്രിയ.എ | 02.01.2019 മുതൽ 31.03.2019 വരെ |
| 3 | കൃഷി ഓഫീസർ | പ്രമോദ് കുമാർ | 01.04.2018 മുതൽ 01.06.2018വരെ |
| | | സത്മ.എം.സി | 02.06.2018 മുതൽ 29.10.2018 വരെ |
| | | ശീതൾ ശിവൻകുട്ടി | 30.10.2018 മുതൽ 31.03.2019 വരെ |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശാന്തി.കെ.പി | 01.04.2018 മുതൽ 06.01.2019 വരെ |
| | | ജ്യോതി.എൻ | 07.01.2019 മുതൽ 31.03.2019 വരെ |
| 5 | വി.ഇ.ഒ ഉദ്ദമ സർക്കിൾ | പ്രവീൺ.കുമാർ | 01.04.2018 മുതൽ 16.08.2018വരെ |
| | | ഷജിൻ.കെ.വി | 17.08..2018 മുതൽ 31.03.2019 വരെ |
| | വി.ഇ.ഒ പാലക്കുന്ന് സർക്കിൾ | കുഞ്ഞുമോൻ | 01.04.2018 മുതൽ 10.08.2018വരെ |
| | | ഷജിൻ കെ.വി | 11.08.2018 മുതൽ 19.9.2018വരെ |
| | | സുകേഷ് | 20.09.2018 മുതൽ 31.03.2019വരെ |
| 6 | പ്രധാനാധ്യാപകൻ | ബാലകൃഷ്ണൻ നാരോത്ത് | 01.04.2018 മുതൽ 31.03.2019 വരെ |
| 7 | വെറ്റിനറി സർജ്ജൻ | ഡോ.ശിവനായിക് | 01.04.2018 മുതൽ 16.12.2018 FN വരെ |
| | | ഡോ.ബി.ജി.മഞ്ജപ്പ | 16.12.2018 AN മുതൽ 28.01.2019 FNവരെ |
| | | [illegible] | [illegible] |

| | | | |
|---|---|---|---|
| | | ഡോ.ശിവനായിക് | 28.01.2019AN മുതൽ 31.03.2019 വരെ |
| 8 | മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ.മുഹമ്മദ് | 01.04.2018 മുതൽ 31.03.2019 വരെ |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.സന്ധ്യ എം.വി | 01.04.2018 മുതൽ 13.07.2018 വരെ |
| | | ഡോ.ബിന്ദു.കെ | 14.07.2018 മുതൽ 31.03.2019 വരെ |
| 10 | മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.മുഹമ്മദ് സക്കീർ അലി എ.ടി | 01.04.2018 മുതൽ 31.03.2019 വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | സുകുമാരൻ.കെ. | 01.04.2018 മുതൽ 31.03.2019 വരെ |
| 12 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | ഹനീഫ | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷീക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ | 1-11 |
| 12 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ്. | 1-12 |
| 13 | ഡി.&ഒ ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകതകൾ. | 1-13 |
| 14 | വാടകക്കാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക ഈടാക്കിയിട്ടില്ല | 1-14 |
| 15 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15 |
| 16 | വാടക ഇനത്തിൽ കുടിശ്ശിക. | 1-16 |
| 17 | വസ്തു നികുതി വൻ കുടിശ്ശിക. | 1-17 |
| 18 | പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. | 1-18 |
| 19 | ഇൻക്രിമെന്റ് തെറ്റായ് അനുവദിച്ചു. | 1-19 |
| 20 | ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 1-20 |
| 21 | ഡ്രൈനേജ് കവറിംഗ് സ്ലാബ് നിർമ്മാണ പ്രവൃത്തി - കൂടിയ നിരക്കിലുള്ള പ്രവൃത്തി ചെയ്തതിനാൽ അധിക ചെലവ്. | 1-21 |
| 22 | കരാറുകാർ ഹാജരാക്കിയ ടാറിന്റെ ബില്ല്-അപാകത | 1-22 |
| 23 | കൃഷിഭവൻ സ്റ്റോർ നിർമ്മാണ പ്രവൃത്തിയിൽ ഇളക്കിമാറ്റിയ ഇന്റർലോക്ക് കട്ടകൾ -ഉപയോഗിക്കാതെ കൃഷിഭവന സമീപം സൂക്ഷിച്ചിരിക്കുന്നു. | 1-23 |

| | | |
|---|---|---|
| 24 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്- കരാറുകാരിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്-കരാറുകാരിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല. | 1-24 |
| 25 | പാടശേഖര സമിതികൾക്ക് കുറ്റിപ്പമ്പ് വിതരണം അപാകത. | 1-25 |
| 26 | ജിയോ ഇൻഫോമാറ്റിക് പഞ്ചായത്ത് (ഭൗമ വിവര പഞ്ചായത്ത് )- പദ്ധതി നടത്തിപ്പ് ന്യൂനതകൾ | 1-26 |
| 27 | തെരുവ് വിളക്ക് പരിപാലനം | 1-27 |
| 28 | ഹരിത കേരള മിഷൻ പദ്ധതി | 1-28 |
| 29 | ലൈഫ് ഭവന പദ്ധതി - പൂർത്തീകരിക്കാത്ത ഭവനങ്ങൾ | 1-29 |
| 30 | ധൂപചൂർണ്ണ വിതരണ പദ്ധതി | 1-30 |
| ഭാഗം II<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| | ഇല്ല. | --- |
| ഭാഗം III<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 31 | ഡ്രൈനേജ് കവറിംഗ് സ്ലാബ് നിർമ്മാണ പ്രവൃത്തി - കൂടിയ നിരക്കിലുള്ള പ്രവൃത്തി ചെയ്തതിനാൽ അധിക ചെലവ്. | 3-1 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 32 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 36 | വായ്പ / വായ്പാതിരിച്ചടവ്. | 4-5 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 38 | ഓഡിറ്റ് റിക്കവറി | 4-7 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 40 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 42 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


<u>**അനുബന്ധപത്രികകൾ**</u>

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ് പാസ്സാക്കിയതിന്റെ വിവരം

2018-19 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 01/01 തിയതി.27.03.2018 | 01/01 തിയതി 13.02.2019 |
| മുന്നിരിപ്പ് | 22237011 | 24775860 |
| വരവ് | 156996500 | 206086977 |
| ആകെ | 179233511 | 230862837 |
| ചെലവ് | 166643000 | 216101670 |
| നീക്കിയിരിപ്പ് | 12590511 | 14761167 |

ബജറ്റ് അംഗീകരിച്ചത് സംബന്ധിച്ച് മേൽ തീരുമാനങ്ങൾ പ്രകാരം ഭരണ സമിതി മിനട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ബജറ്റ് സംഗ്രഹ വിവരങ്ങൾ ഭരണ സമിതി മിനട്സിൽ (സകർമ്മ) രേഖപ്പെടുത്തിയിട്ടില്ല. അച്ചടിച്ച ബജറ്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 03.05.2019 | ഇല്ല | ഇല്ല |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2018-19 |
|---|---|
| മുന്നിരിപ്പ് | 14120711 |
| വരവ് | 106542330 |
| ആകെ | 120663041 |
| ചെലവ് | 78646162 |
| നീക്കിയിരിപ്പ് | 42016879 |

## 1-4 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2018-19)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 23888000 | 23888000 | 22613528* | 1274472 | 94.66 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3227000 | 3227000 | 2100703 | 1126297 | 65.09 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 191000 | 191000 | 0 | 191000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10174000 | 10174000 | 9923219 | 250781 | 97.53 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4955000 | 4955000 | 4419295 | 535705 | 89.18 |
| പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9863000 | 9863000 | 5728417 | 4134583 | 58.07 |

(* വികസന ഫണ്ട് വരവ് സ്രോതസ്സിൽ നിന്നും 13,519 രൂപ വെള്ളക്കര കുടിശ്ശികയിനത്തിൽ സ്രോതസ്സിൽ നിന്നും കിഴിവ് വരുത്തിയിട്ടുണ്ട്. പ്രസ്തുത തുക കുറച്ചുള്ള വിവരങ്ങളാണ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും, വാർഷിക ധനകാര്യപത്രികയിൽ രസീപ്റ്റ് & പേയ്മെന്റ് പത്രികയിലും ഉൾപ്പെട്ടിട്ടുള്ളത്. മേൽ പട്ടികയിൽ പ്രസ്തുത തുക കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല. ലാപ്സായ തുക കണക്കാക്കുന്നതിന് വേണ്ടിയാണ് മേൽ ഇനങ്ങളിലെ നീക്കിയിരിപ്പ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് )

**ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22600009* | 22600009* | 22600009* | |
| വികസനഫണ്ട് എസ്.സി.പി. | 0 | 2100703 | 2100703 | 2100703 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9923219 | 9923219 | 9923219 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4419295 | 4419295 | 4419295 | |
| പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5728417 | 5728417 | 5728417 | |
| ബി ഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | | 89400 | 89400 | 89400 | |
| വിവാഹധനസഹായം | | 780000 | 780000 | 780000 | |
| നെൽ ഉല്പാദക ബോണസ്സ് | | 100000 | 100000 | 100000 | |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | | 119000 | 119000 | 119000 | |
| TSB സംയുക്ത പദ്ധതി | 57389 | 5513715 | 5571104 | 3552716 | 2018388 |
| ട്രഷറി TSB ജനറൽ പർപ്പസ് | 2124129 | 29483371 | 31607500 | 13587129 | 18020371 |
| | | | | | |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| MGNREG | 17471 | 413776 | 431247 | 417344 | 13903 |
| SGRYകാനറബാങ്ക് | 9034 | - | 9034 | - | 9034 |
| SSA | 305971 | 12423 | 318394 | - | 318394 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| സാക്ഷരത | 44695 | 1585 | 46280 | 850 | 45430 |
| ലൈഫ് ഭവനം -വായ്പ | - | 5943126 | 5943126 | 5943126 | - |
| തനത് ഫണ്ട്-അക്കൗണ്ടുകൾ | 11562022 | 19314291 | 30876313 | 9284954 | 21591359 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 184 | 113 | - | 71 | 61.41 |

"

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 17471 | 413776 | 431247 | 417344 | 13903 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 20543653 | 20543653 | 20543653 | 0 |
| ആകെ | 17471 | 20957429 | 20974900 | 20960997 | 13903 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2018-19 വർഷം 1111 പദ്ധതികളുൾപ്പെടുന്ന ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. എന്നാൽ തൻ വർഷം 281 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 70015 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറ് തൊഴിൽ ദിനം ലഭിച്ച 511 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 89400 | 98 |
| കർഷകതൊഴിലാളി പെൻഷൻ | 3942300 | 314 |
| വിധവാപെൻഷൻ | 22972200 | 1845 |
| വാർദ്ധക്യകാലപെൻഷൻ | 18297000 | 1441 |
| വികലാംഗപെൻഷൻ | 6105200 | 486 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1516000 | 126 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 780000 | 26 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-12-2019 തീയതിയിൽ 2.10 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 47,771 /- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 4 |
| 6 | ക്ലാർക്ക് | 4 |
| 7 | ഡ്രൈവർ | 1 |
| 8 | ഓഫീസ് അറ്റൻഡന്റ് | 2 |
| 9 | പാർട്ട് ടൈം പൗണ്ട്കീപ്പർ | 1 |
| 10 | ഫുൾടൈം സ്വീപ്പർ | 2 |

07.12.2019 ലെ ഉത്തരവ് നം എസ്.സി.1/2652പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ജോലി വിഭജനം സമ്പന്ധിച്ച പുതിയ ഓഫീസ് ഉത്തരവു പ്രകാരം പഞ്ചായത്തിന്റെ മിനട്സ് തയ്യാറാക്കുന്ന ചുമതല ഓഫീസ് അറ്റണ്ടിന്റിനാണ്. ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിനപ്രവർത്തനത്തിൽ നിരവധി സോഫ്റ്റ്വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ പുതിയ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച നൽകുമ്പോൾ സോഫ്റ്റ്വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സമ്പന്ധിച്ച് പരാമർങ്ങളൊന്നും ഇല്ല. പുതിയ ഓഫീസ് ഉത്തരവിലെ അപാകതൾ പരിഹരിക്കേണ്ടതാണ്.

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നില്ല. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല. ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ചുവടെ പറയുന്ന ജീവനക്കാരുടെ ശമ്പളം 01.07.2014ന് ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016 പ്രകാരം പരിഷ്കരിച്ചത് അംഗീകാരം വാങ്ങിയിട്ടില്ല.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി.രൂപിക.പി.വി | ക്ലാർക്ക് |
| 2 | ശ്രീ.ജോതി കമാർ. ടി.കെ | ഓഫീസ് അറ്റൻഡന്റ് |

ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരായ ശ്രീ.പ്രണവ് കമാർ.പി.ആർ (ക്ലാർക്ക്), ശ്രീ.ബാബു അപ്പ്യാൽ (അക്കൗണ്ടന്റ്), ശ്രീമതി.രഞ്ചിനി.കെ (സീനിയർ ക്ലാർക്ക്), ശ്രീ.ജോതി കമാർ. ടി.കെ (ഓഫീസ് അറ്റൻഡന്റ്), എന്നീ ജീവനക്കാരുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടിള്ള ജനന തീയതി ഓഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

അക്കൗണ്ടന്റായ് ഉദ്യോഗകയറ്റം ലഭിച്ച് 24.08.2019ന് ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.ബാബു അപ്പ്യാൽ എന്നവരുടെ സേവന പുസ്തകത്തിൽ ഉദ്യോഗകയറ്റം ലഭിച്ചതിനെതുടർന്ന് ശമ്പളം നിർണ്ണയം നടത്തിയതിന്റെ വിവരങ്ങൽ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ശ്രീ.അനിൽ.എം.കെ എന്നവർ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ 24.07.2019ന് ഗ്രാമ പഞ്ചായത്തിൽ ജോലിയൽ പ്രവേശിച്ചുവെങ്കിലും അദ്ദേഹത്തിന്റെ ശമ്പളവിവരങ്ങൽ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ശ്രീ.ടി.പി.വേണഗോപാൽ എന്നവർ അസിസ്റ്റന്റ് സെക്രട്ടറി. തസ്തികയിൽ 16.09.2019ന് ഗ്രാമ പഞ്ചായത്തിൽ ജോലിയൽ പ്രവേശിച്ചുവെങ്കിലും അദ്ദേഹത്തിന്റെ ശമ്പളവിവരങ്ങൽ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ശ്രീമതി.മണി.കെ.എൻ, സീനിയർ ക്ലാർക്കിന് 01.03.2020 ന് അനവദിക്കേണ്ട ഇൻക്രിമെന്റ് 01.09.2019 ന് അനവദിച്ചിട്ടുണ്ട്. കേരള സർവീസ് ചട്ടം ഭാഗം 3ലെ ചട്ടം 150 പ്രകാരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ട ജീവനക്കാരുടെ സേവന പരിശോധനപത്രം (Memorandum of verification of service) ആരുടെയും സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ജീവനക്കാരുടെ സേവന പുസ്തകങ്ങൾ സമയാസമയങ്ങളിൽ വിവരങ്ങൾ ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (staff meeting) 2017-2018 സാമ്പത്തിക വർഷം 4 തവണ (01.08.2018, 10.10.2018, 19.01.2019, 04.02.2019) ചേർന്നിട്ടുണ്ട്. ഇതിൽ 01.08.2018, 10.10.2018 എന്നീ തീയതികളിൽ ചേർന്ന യോഗതീരുമാനങ്ങളൊന്നും മിനട്സ് ബുക്കിൽ രേഖപ്പെടുതതിയിട്ടില്ല. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ഹാജർ പുസ്തകത്തിൽ ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്നണ്ടെങ്കിലും ജീവനക്കാർ അവധിയെടുക്കുന്നത്/ഓഫീസ് ഡ്യൂട്ടിയുമായുടെ ഭാഗമായ് മറ്റ് സ്ഥലങ്ങളിലേക്ക് പോകുന്നത് ഉടങ്ങിയവ കൃത്യമായ് ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല. ജീവനക്കാരുടെ പെൻഷൻ കോണ്ട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന എല്ലാ ജീവനക്കാരും പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും ആരും തന്നെ അത് പരിശോധിക്കുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകള് കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൌണ്ട്സുകളും അക്കൌണ്ട് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നില്ല. അക്കൌണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നില്ല. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ചില അക്കൌണ്ടുകളിൽ ഇടപാടുകൾ ഒന്നും തന്നെയില്ല. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി നാളിതുവരെ ആരംഭിച്ചിട്ടില്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

ചെക്ക് ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്/ട്രഷറി അക്കൌണ്ടുകളുടെ പൊരുത്തപ്പെടുത്തൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഡി. സി. ബി. യിൽ വസ്തു നികുതി, തൊഴില് നികുതി, എന്നിവയൊഴികെയുള്ളവ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഇല്ല. നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. തൻവർഷം 90 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്. നികുതി പരിവ് കാര്യക്ഷമമായി നടത്തേണ്ടതാണ്.

സാധന സാസാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. ടെണ്ടർ നടപടി ക്രമങ്ങൾ സ്ഥാപനം കൃത്യമായി പാലിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഫിഷറീസ് യു.പി. സ്കൂൾ, കൊങ്ങിണിയൻവളപ്പ് അങ്കണവാടി (സെന്റർ നം-90), അംഗക്കളരി അങ്കണവാടി (സെന്റർ നം-103) എന്നിവ വാടക കെട്ടിടത്തിലാണ് പ്രവൃത്തിക്കുന്നത്. ഈ സ്ഥാപനങ്ങൾക്ക് സ്ഥിരം കെട്ടിട സംവിധാനം ഒരുക്കണം.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 19 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 24പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 13പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 18 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 15പ്രാവശ്യവും യോഗം ചേരുന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാർ പങ്കെടുക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-12-2019 | 2019- ജൂലൈ മുതൽ 2019 നവംബർ വരെ | 19.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |

## 1-11 വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ

1) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ I-1) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ തൻവർഷത്തെ ഡിമാന്റ് 37,34,600/- രൂപയാണ്. എന്നാൽ റസീറ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ RP-43) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ തൻവർഷത്തെ പിരിവ് 46,08,939/- രൂപയാണ്, കൂടാതെ 31.03.2018 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-9) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ

ബിൽഡിംഗ്സ് ഇനത്തിൽ മുൻകൂറായി 1,51,670/-രൂപയും പിരിവുണ്ട്. അതായത് പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ തൻവർഷത്തെ ആകെ വരവ് 47,60,609/-രൂപയാണ്. പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് നികതിയിനത്തിൽ തൻവർഷത്തെ ഡിമാന്റിനേക്കാൾ കൂടുതൽ പിരിവുണ്ട്. ആയതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിലെ തൻവർഷത്തെ ഡിമാന്റ് ശരിയല്ല.

2) മേൽ വിവരിച്ച പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ തൻവർഷത്തെ ഡിമാന്റ് (ഷെഡ്യൂൾ I-1പ്രകാരം) 37,34,600/- രൂപയാണ്. പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ തൻവർഷത്തെ ആകെ വരവ് (ഷെഡ്യൂൾ RP-43, 31.03.2018 ലെ ഷെഡ്യൂൾ B-9 എന്നിവ പ്രകാരം) 47,60,609/-രൂപയാണ്. എന്നാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 4,39,669/- രൂപയാണ്. ഇത് പൊരുത്തപ്പെടുന്നില്ല.

3) 31.03.2018 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ് & അരിയർ) ഇനത്തിൽ 11,34,145.47 രൂപ പിരിഞ്ഞുകിട്ടാനുണ്ട്. എന്നാൽ 2018-19 വർഷത്തെ റസീറ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ RP-43) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (അരിയർ) ഇനത്തിൽ തൻവർഷം 11,81,925/- രൂപ പിരിവുണ്ട്. ഇത് പ്രകാരം കടിശ്ശികയായ് പിരിഞ്ഞുകിട്ടാനുള്ള തുകയേക്കാളും കൂടുതൽ തുക തൻവർഷം പിരിവുണ്ട്. ആയതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (അരിയർ) ഇനത്തിലെ തൻവർഷത്തെ പിരിവിന് കൃത്യതയില്ല. കൂടാതെ 31.03.2019 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (അരിയർ) ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 3,72,128.47 രൂപയാണ്. ഇതും പൊരുത്തപ്പെടുന്നില്ല.

4) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ I-1) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ- റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ തൻവർഷത്തെ ഡിമാന്റ് 60,38,857/- രൂപയാണ്. എന്നാൽ റസീറ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ RP-43) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ തൻവർഷത്തെ പിരിവ് 42,03,743/- രൂപയാണ്. 31.03.2018 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-9) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ- റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ മുൻകൂറായി തുകയൊന്നും ലഭിച്ചിട്ടില്ല. ഇതിൻ പ്രകാരം 18,35,114/- രൂപ പിരിഞ്ഞുകിട്ടാനുണ്ട്. എന്നാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 2,28,493/- രൂപയാണ്. ആയതിനാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക ശരിയല്ല.

5) 31.03.2018 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ് & അരിയർ) ഇനത്തിൽ 49,75,259/- രൂപ പിരിഞ്ഞുകിട്ടാനുണ്ട്. എന്നാൽ 2018-19 വർഷത്തെ റസീറ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ RP-43) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (അരിയർ) ഇനത്തിൽ തൻവർഷത്തെ പിരിവ് 8,49,796/- രൂപ പിരിവുണ്ട്. ഇതിൻ പ്രകാരം 41,25,469/- രൂപ പിരിഞ്ഞുകിട്ടാനുണ്ട്. എന്നാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (അരിയർ) ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 7,05,021/- രൂപയാണ്. ആയതിനാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (അരിയർ) ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക ശരിയല്ല.

6) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ I-4b) പ്രകാരം മാർക്കറ്റ് റസീപ്റ്റ്സ് ഇനത്തിൽ തൻവർഷത്തെ ഡിമാന്റ് 64,150/- രൂപയാണ്. എന്നാൽ റസീറ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ RP-43) പ്രകാരം മാർക്കറ്റ് റസീപ്റ്റ്സ് (കറന്റ്) ഇനത്തിൽ തൻവർഷത്തെ പിരിവ് 62,150/- രൂപയാണ്, കൂടാതെ 31.03.2018 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-9) പ്രകാരം ഈ ഇനത്തിൽ മുൻകൂറായി 22,200/-രൂപയും പിരിവുണ്ട്. അതായത് മാർക്കറ്റ് റസീപ്റ്റ്സ് ഇനത്തിൽ തൻവർഷത്തെ ആകെ വരവ് 84,350/-രൂപയാണ്. മാർക്കറ്റ് റസീപ്റ്റ്സ് നികതിയിനത്തിൽ തൻവർഷത്തെ ഡിമാന്റിനേക്കാൾ കൂടുതൽ പിരിവുണ്ട്. ആയതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള മാർക്കറ്റ് റസീപ്റ്റ്സ് ഇനത്തിലെ തൻവർഷത്തെ ഡിമാന്റ് ശരിയല്ല.

7) 31.03.2018 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-9) പ്രകാരം മാർക്കറ്റ് റസീപ്റ്റ്സ് ഇനത്തിൽ മുൻകൂറായി 22,200/-രൂപയും വരവുണ്ട്. എന്നാൽ ഈ തുക സാമ്പത്തിക വർഷാരംഭത്തിൽ മാർക്കറ്റ് റസീപ്റ്റ്സ് ഇനത്തിൽ വരവായി ക്രമീകരിക്കാതെ 31.03.2019 ലെ ബാലൻസ് ഷീറ്റിൽ (ഷെഡ്യൂൾ B-9) മുൻകൂറായി നിലനിൽക്കുന്നുണ്ട്.

8) വാർഷിക ധനകാര്യ പത്രിക പ്രകാരം (ബാലൻസ് ഷീറ്റ് -ഷെഡ്യൂൾ B-4) പ്രത്യേക പദ്ധതികൾക്കായി ലഭിച്ച തുകകളിൽ വർഷങ്ങളായ് ചെലവഴിക്കാതെ നിലനിൽക്കുന്ന തുകകളുണ്ട്. സമ്പൂർണ്ണ ശുചിത്വ പദ്ധതിയ്ക്കായ് ലഭിച്ചതിൽ ചെലവാകാതെ അവശേഷിക്കുന്ന 15,325/- രൂപ2015 മുതലും 14.12.2017 ന് വൈകല്യ ഭവനം പദ്ധതിക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 3,00,000/- രൂപയും 23.01.2016 ന് പാലിയേറ്റീവ് കെയർ പദ്ധതിക്കായി ലഭിച്ച 1,00,000/- രൂപയും 10.03.2016 ന് നെല്ലൽപാദക ബോണസ് ഇനത്തിൽ വരവ് വന്ന82,500/- രൂപയും ബാലൻസ് ഷീറ്റിൽ ബാധ്യതയായി നിലനിൽക്കുന്നു.

9) വാർഷിക ധനകാര്യ പത്രിക പ്രകാരം (ഷെഡ്യൂൾ I-6) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൻവർഷത്തെ ചെലവ് 2,05,43,653/- രൂപയാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സെക്ഷനിൽ നിന്നും ലഭ്യമായ വിവരം പ്രകാരം തൻവർഷത്തെ ചെലവ് 2,10,96,657/- രൂപയാണ് (വേതനം 1,93,86,863/-രൂപ, സാധനങ്ങൾ 7,59,997/- രൂപ, ഭരണ ചെലവ് 9,49,797/- രൂപ). വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൻവർഷത്തെ ചെലവും എഫ്.ടി.ഒ പ്രകാരമുള്ള ചെലവും തമ്മിൽ 5,53,004/-രൂപയുടെ വ്യത്യാസമുണ്ട്.

10) ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള മുഴുവൻ ആസ്തികളും മൂല്യനിർണ്ണയം ചെയ്ത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തിയില്ല.

11) വാർഷിക ധനകാര്യ പത്രികയോടപ്പം നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

## 1-12 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ്.

ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികതി നിരക്കുകൾ എസ്.ആർ.ഓ.നമ്പർ 36/2011 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഈ നിരക്കുകൾ 2011ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്. ഉദ്ദമ ഗ്രാമപഞ്ചായത്തിന്റെ 12-10-2011ലെ തീരുമാനം നമ്പർ 171/11 പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികതി, ചതുരശ്രമീറ്ററിന് 500/-രൂപയായി നിർണ്ണയിക്കുകയും, 2013-2014 സാമ്പത്തികവർഷം മുതൽ പുതുക്കിയ നിരക്കിൽ നികതി ഈടാക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന 5-ഓളം മൊബൈൽ ടവറുകളിൽ നിന്നും 2018-19 വരെയുള്ള വർഷങ്ങളിൽ വസ്തുനികതി പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഓപ്പറേറ്റർ/ ഉടമ/ നിർമ്മാതാവ്/ ലൈസൻസി | കെട്ടിട നമ്പർ | വിസ്തീർണ്ണം ( $m^2$) | വസ്തുനികതി കടിശ്ശികയുള്ള വർഷങ്ങൾ |
|---|---|---|---|---|
| 1 | പ്രേമകൃഷ്ണൻ നായർ | 1/120 | 23m2 | 2013-14<br>2014-15 |

| | | | | |
|---|---|---|---|---|
| | എം.എസ്.ഇൻഡസ് ടവർ ലിമിറ്റഡ് | | | 2015-16<br>2016-17<br>2017-18<br>2018-19 |
| 2 | സനൽ കുമാർ<br>മാനേജർ എസ്റ്റേറ്റ്സ് ഐഡിയ | 5/291 | 14m2 | 2011-2013<br>2013-14<br>2014-15<br>2015-16<br>2016-17<br>2017-18<br>2018-19 |
| 3 | സബ് ഡിവിഷണൽ എഞ്ചിനീയർ മൊബൈൽ സർവ്വീസസ് ബി എസ് എൻ എൽ ടെലിഫോൺ ഭവൻ | 6/168 | 16m2 | 2018-19 |
| 4 | ജനറൽ മാനേജർ | 13/518 | 15m2 | 2018-19 |
| 5 | സുദേവൻ വി.ഡി, വയർലസ്സ് ടി ടി ഇൻഫോം സർവ്വീസ് ലിമിറ്റഡ് | 18/680 | 7.5m2 | 2013-14<br>2014-15<br>2015-16<br>2016-17<br>2017-18<br>2018-19 |

മേൽ കാണിച്ച മൊബൈൽ ടവറുകളുടെ വസ്തുനികുതി പിഴ പലിശ അടക്കം പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്. (18-12-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.11)

## 1-13 ഡി.&ഒ ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകതകൾ.

ഡി.&ഒ ലൈസൻസ് - അപാകത

ഡി.&ഒ ലൈസൻസ് പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.06/17-12-2019)

(A) വിറ്റുവരവ് അടിസ്ഥാനപ്പെടുത്തിയോ യന്ത്രത്തിന്റെ കതിരശക്തി അടിസ്ഥാനപ്പെടുത്തിയോ ആയിരിക്കണം ലൈസൻസ് ഫീ ഈടാക്കേണ്ടത് (1996 ലെ ഡി.&ഒ.ലൈസൻസ് ചട്ടങ്ങളിലെ ചട്ടം കാണുക) എന്നാൽ താഴെകൊടുത്തിരിക്കുന്ന അപേക്ഷകളിൻ മേൽ നിബന്ധന പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) വത്സൻ.കെ.കെ S/o കെ.കണ്ണൻ, കണ്ണോത്ത് ഹൗസ് (വാർഡ് നമ്പർ-VII/364,365, ഡിമാന്റ് രജിസ്റ്റർ SL.No-154) എന്ന കച്ചവടക്കാരന്റെ വെൽഡിംഗ് ഷോപ്പ് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 2 കതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 50 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 50 രൂപ ഈടാക്കിയിട്ടില്ല.

2) ഉണ്ണികൃഷ്ണൻപിള്ള S/o കുഞ്ഞൻപിള്ള (വാർഡ് നമ്പർ-XIX/158, ഡിമാന്റ് രജിസ്റ്റർ SL.No-178) എന്ന കച്ചവടക്കാരന്റെ വെൽഡിംഗ് വർക്ക് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 1 കതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 50 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 50 രൂപ ഈടാക്കിയിട്ടില്ല.

3) എ.രത്നാകരൻ S/o'ടി.നാരായണൻ, ആലിങ്കാൽ (വാർഡ് നമ്പർ-X/18, ഡിമാന്റ് രജിസ്റ്റർ SL.No-212) എന്ന കച്ചവടക്കാരന്റെ വെൽഡിംഗ് ഷോപ്പ് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 3 കതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 50 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 50 രൂപ ഈടാക്കിയിട്ടില്ല.

4) റംഷീദ്.സി S/o ചിത്താരി മുഹമ്മദ് റംഷീദ് മൻസിൽ (വാർഡ് നമ്പർ-III/276 ഡിമാന്റ് രജിസ്റ്റർ SL.No-240) എന്ന കച്ചവടക്കാരന്റെ വുഡ് ഇൻഡസ്ട്രീസ് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 80 കതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 500 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 500 രൂപ ഈടാക്കിയിട്ടില്ല.

5) സുഹറ W/o പി.മുഹമ്മദ് കുഞ്ഞി, മില്ല് വളപ്പിൽ (വാർഡ് നമ്പർ-XXI/512 ഡിമാന്റ് രജിസ്റ്റർ SL.No-253) എന്ന കച്ചവടക്കാരന്റെ മില്ല്,നെല്ല്,ഗോതമ്പ് പൊടിക്കൽ നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 10 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 100 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 100 രൂപ ഈടാക്കിയിട്ടില്ല.

6) താജുദ്ദീൻ.എം S/o അബ്ദുല്ല,മാങ്ങാട് (വാർഡ് നമ്പർ-III/432,433, ഡിമാന്റ് രജിസ്റ്റർ SL.No-287) എന്ന കച്ചവടക്കാരന്റെ റൈസ് മില്ല് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 5 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 50 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 50 രൂപ ഈടാക്കിയിട്ടില്ല.

7) പുരുഷോത്തമൻ പി.എ S/o അപ്പു ആചാരി,പള്ളത്തിൽ വളപ്പ് (വാർഡ് നമ്പർ-XIII/195,196, ഡിമാന്റ് രജിസ്റ്റർ SL.No-293) എന്ന കച്ചവടക്കാരന്റെ ഇൻഡസ്ട്രീയൽ വർക്ക് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 1.5 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 50 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 50 രൂപ ഈടാക്കിയിട്ടില്ല.

8) കെ.ബാലചന്ദ്രൻ S/o രാമൻ (വാർഡ് നമ്പർ-IX/236, ഡിമാന്റ് രജിസ്റ്റർ SL.No-303) എന്ന കച്ചവടക്കാരന്റെ റൈസ് മില്ല് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 10 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 100 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 100 രൂപ ഈടാക്കിയിട്ടില്ല.

9) ടി.വി ശശി S/o വി.ചന്തു, അവിട്ടം നിവാസ് (വാർഡ് നമ്പർ-XVIII/658, ഡിമാന്റ് രജിസ്റ്റർ SL.No-307) എന്ന കച്ചവടക്കാരന്റെ എഞ്ചിനീയറിംഗ് വർക്ക് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 9.5 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 100 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 100 രൂപ ഈടാക്കിയിട്ടില്ല.

10) ബാലൻ.ടി.ജി S/o ഗോപാലൻ ആചാരി,താമരക്കുഴി (വാർഡ് നമ്പർ-III/132 ഡിമാന്റ് രജിസ്റ്റർ SL.No-320) എന്ന കച്ചവടക്കാരന്റെ ഫർണ്ണിച്ചർ നിർമ്മാണവും, വിൽപ്പനയും നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 4 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 50 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 50 രൂപ ഈടാക്കിയിട്ടില്ല.

11) ഗണേഷൻ കെ.എ S/o അപ്പകുഞ്ഞി, അജിത നിവാസ് അരമങ്ങാനം (വാർഡ് നമ്പർ-IV/177, ഡിമാന്റ് രജിസ്റ്റർ SL.No-325) എന്ന കച്ചവടക്കാരന്റെ ബേക്കറി വ്യാപാരം നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 1 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 50 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 50 രൂപ ഈടാക്കിയിട്ടില്ല.

12) വിനോദ് കെ S/o ഗോവിന്ദൻ കെ, നന്ദനം (വാർഡ് നമ്പർ-X/27,28,29 ഡിമാന്റ് രജിസ്റ്റർ SL.No-326) എന്ന കച്ചവടക്കാരന്റെ വുഡ് ഫർണ്ണിച്ചർ വർക്ക് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 8.5 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 100 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 100 രൂപ ഈടാക്കിയിട്ടില്ല.

13) പി.വി.നാരായണൻ, S/o ചോയപ്പ , പരിയാരം (വാർഡ് നമ്പർ-I/300 ഡിമാന്റ് രജിസ്റ്റർ SL.No-350) എന്ന കച്ചവടക്കാരന്റെ ഓയിൽ മില്ല് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 10 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 100 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 100 രൂപ ഈടാക്കിയിട്ടില്ല.

യന്ത്രത്തിന്റെ കുതിരശക്തി കണക്കാക്കാതെ മേൽ കച്ചവടക്കാരിൽ നിന്നും ലൈസൻസ് ഫീ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

(B) <u>ഡി.&ഒ ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് ഈടാക്കിയതിൽ കുറവ്</u>

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ. (പി). നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ. നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം, കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 232, 233, 234 വകുപ്പുകളും 254 വകുപ്പ് കൂട്ടി വായിച്ചതും , 1996 ലെ ഡി&ഒ ചട്ടങ്ങൾക്ക് ഭേദഗതി പുറപ്പെടുവിച്ചിട്ടുള്ളതിനാൽ Kerala Panchayath Raj(Issue of License to factories,Traders,Enterpreneurship activities and other services)Rules,1996എന്ന് ചട്ടത്തെ പുനർനാമകരണം ചെയ്തിട്ടുണ്ട്. ആയതു പ്രകാരം നിലവിൽ ചട്ടം 10 ലെ പട്ടിക 2 ലെ വിവിധ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കി പോരുന്ന ഫീസിനു പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി തരം തിരിച്ച് ഫീസ് ഈടാക്കേണ്ടതാണ്. ഇത്തരത്തിൽ സെക്രട്ടറി തയ്യാറാക്കി നൽകിയ പുതിയ ഫീസ് നിരക്ക് പരിഗണിച്ച് ചർച്ച ചെയ്ത് ഭരണസമിതി അംഗീകാരം നൽകേണ്ടതാണ്. ഇത്തരത്തിൽ അംഗീകാരം ലഭിച്ച നിരക്കുകൾ അനുസരിച്ചായിരിക്കണം 2018-19 വർഷത്തെ ലൈസൻസ് അപേക്ഷകളിൽ സെക്രട്ടറി ഫീസ് ഈടാക്കേണ്ടത്.

മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി തരം തിരിച്ച് ഡി.&ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് ഉണ്ടായിട്ടുണ്ട്.

1) അബ്ദുൾ റഹ്മാൻ കെ. S/o മുഹമ്മദ് കുഞ്ഞി.കെ.കെ (വാർഡ് നമ്പർ-XXI/216,217,ഡിമാന്റ് രജിസ്റ്റർ SL.No-536) എന്ന കച്ചവടക്കാരന്റെ റെഡിമെയ്ഡ് സാധനങ്ങൾ വിൽപ്പന നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 2,00,000/-മൂലധന നിക്ഷേപം ആണ് രേഖപ്പെടുത്തിയിട്ടുണ്ട്. ഡി.&ഒ ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം 300 രൂപയാണ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ 100 രൂപയാണ് ഫീസ് ഈടാക്കിയത് കുറവ് 200 രൂപ .

2) അബ്ദുല്ല കുഞ്ഞി.കെ.എ S/o മൂസ, പാലക്കുന്ന് (വാർഡ് നമ്പർ-XVI/549,ഡിമാന്റ് രജിസ്റ്റർ SL.No-513) എന്ന കച്ചവടക്കാരന്റെ ഇലക്ട്രിക്കൽ സാധനങ്ങൾ വിൽപ്പന നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 3,00,000/-മൂലധന നിക്ഷേപം ആണ് രേഖപ്പെടുത്തിയിട്ടുണ്ട്. ഡി.&ഒ ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം 350 രൂപയാണ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ 300 രൂപയാണ് ഫീസ് ഈടാക്കിയത് കുറവ് 50 രൂപ .

3) ഡോ. ബാലദേവാനന്ദസാഗർ (വാർഡ് നമ്പർ-XVII/576,ഡിമാന്റ് രജിസ്റ്റർ SL.No-517) എന്ന കച്ചവടക്കാരന്റെ ആയുർവ്വേദ വൈദ്യശാല നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 2,00,000/-മൂലധന നിക്ഷേപം ആണ് രേഖപ്പെടുത്തിയിട്ടുണ്ട്. ഡി.&ഒ ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം 300 രൂപയാണ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ 200 രൂപയാണ് ഫീസ് ഈടാക്കിയത് കുറവ് 100 രൂപ .

4) കെ.അബ്ദുള്ള S/o അബ്ദുൾ റഹിമാൻ, മുഹമ്മദി മൻസിൽ മുദിയക്കാൽ (വാർഡ് നമ്പർ-XVIII/73,74.ഡിമാന്റ് രജിസ്റ്റർ SL.No-500) എന്ന കച്ചവടക്കാരന്റെ ഇലക്ട്രിക്കൽ ഷോപ്പ് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 5,00,000/-മൂലധന നിക്ഷേപം ആണ് രേഖപ്പെടുത്തിയിട്ടുണ്ട്. ഡി.&ഒ ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം 350 രൂപയാണ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ 300 രൂപയാണ് ഫീസ് ഈടാക്കിയത് കുറവ് 50 രൂപ .

5) സാബിക്.എം.എസ് S/o മുഹമ്മദ്.കെ.പി.(വാർഡ് നമ്പർ-XVI/599,ഡിമാന്റ് രജിസ്റ്റർ SL.No-478) എന്ന കച്ചവടക്കാരന്റെ റെഡിമെയ്ഡ് കച്ചവടം നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 6,00,000/-മൂലധന നിക്ഷേപം ആണ് രേഖപ്പെടുത്തിയിട്ടുണ്ട്. ഡി.&ഒ ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം 400 രൂപയാണ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ 300 രൂപയാണ് ഫീസ് ഈടാക്കിയത് കുറവ് 100 രൂപ .

ഡി.&ഒ ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം മേൽ കച്ചവടക്കാരിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ഭേദഗതി പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

## 1-14 വാടകക്കാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക ഈടാക്കിയിട്ടില്ല .

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഉദുമ ഷോപ്പിംങ് കോംപ്ലക്സിലെ കെട്ടിട മുറികൾ വാടകയ്ക്കെടുത്ത മുഴുവൻ വാടകക്കാരുമായും കരാർ ചമയ്ക്കുകയും മൂന്ന് മാസത്തെ വാടക മുൻകൂറായി ഈടാക്കുകയോ ചെയ്തിട്ടില്ല. മുഴുവൻ വാടകക്കാരോടും സെക്യൂരിറ്റി/ഡെപ്പോസിറ്റിനത്തിൽ

തുക ഈടാക്കിയതായി വാടക രജിസ്റ്ററിലോ ഡെപ്പോസിറ്റ് രജിസ്റ്ററിലോ രേഖപ്പെടുത്തലുകൾ ഇല്ല. ആയതിനാൽ ഡെപ്പോസിറ്റിനത്തിൽ തുക ഈടാക്കാൻ അവശേഷിക്കുന്ന വാടകക്കാരിൽ നിന്നും ഈയിനത്തിൽ തുക ഈടാക്കി ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തി ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്. (18-12-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.12)

## 1-15 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഉദുമ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങളും , ഓഡിറ്റോറിയങ്ങളും 2018-19 വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

സ്വാകര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ

| ക്രമ നം. | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | കേസീസ് ഡെന്റൽ ക്ലിനിക് | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | അമൃത ഹോസ്പിറ്റൽ, പള്ളം | ഒന്നും രണ്ടും അർദ്ധവർഷം |
| 3 | ആരോഗ്യ ഹോമിയോപ്പതിക് ക്ലിനിക് | ഒന്നും രണ്ടും അർദ്ധവർഷം |
| 4 | പത്മ ഫാമിലി & ഡയബറ്റിക് ക്ലിനിക് | ഒന്നും രണ്ടും അർദ്ധവർഷം |
| 5 | റോയൽ ഡെന്റൽ ക്ലിനിക് | ഒന്നും രണ്ടും അർദ്ധവർഷം |
| 6 | പാലക്കുന്ന് പോളി ക്ലിനിക് | ഒന്നും രണ്ടും അർദ്ധവർഷം |

ഓഡിറ്റോറിയങ്ങൾ

| ക്രമ നം. | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | മാഷ് ഓഡിറ്റോറിയം | ഒന്നും രണ്ടും അർദ്ധവർഷം |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.15 തീയതി : 19.02.2019)

## 1-16 വാടക ഇനത്തിൽ കുടിശ്ശിക.

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഉദുമ ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിട മുറികൾ വാടകയ്ക്കെടുത്ത വാടകക്കാരിൽ നിന്നും 31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരം ഷോപ്പിംങ് കോംപ്ലക്സ് വാടക ഇനത്തിൽ കടിശ്ശിക പിരിവിൽ 11,424/- രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. ബാലൻസ് ഷീറ്റ് പ്രകാരമുള്ള വാടക ഇനത്തിലെ കടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള ഊർജിത നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്. (18-12-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.13)

## 1-17 വസ്തു നികുതി വൻ കുടിശ്ശിക.

31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികതി തൻ വർഷ പിരിവിൽ 6,68,162/- രൂപ ബാക്കിയുണ്ട്. കൂടാതെ കടിശ്ശികയിൽ 10,77,149/- രൂപയും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. 2018-19 വർഷത്തെ വസ്തുനികതി വരുമാനം 97,73,457/- രൂപയാണെങ്കിലും 88,12,682/-രൂപ മാത്രമാണ് പിരിവ്. (പിരിവ് ശതമാനം-90.16%). വസ്തു നികതി പരിഷ്കരണം പഞ്ചായത്തിൽ പൂർത്തിയായിട്ടുണ്ട്. സഹായക സോഫ്റ്റ് വെയറുകളായ സാംഖ്യ, സഞ്ചയ എന്നിവ ഇന്റഗ്രേറ്റ് ചെയ്ത് സുസജ്ജമായി പ്രവർത്തിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ വസ്തു നികതിയിനത്തിലെ കടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള ഊർജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഈ സാഹചര്യത്തിൽ വസ്തു നികതിയിനത്തിലെ കടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള ഊർജിത നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്. (18-12-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.14)

## 1-18 പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്.

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിരൂപീകരിണ്ടതുണ്ട്. എന്നാൽ ഉദുമ ഗ്രാമ പഞ്ചായത്തിൽ പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധി നാളിതുവരെ ആരംഭിച്ചിട്ടില്ല. ആയതിനാൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി എത്രയും പെട്ടന്ന് രൂപീകരിണ്ടതാണ്.

## 1-19 ഇൻക്രിമെന്റ് തെറ്റായ് അനുവദിച്ചു.

ഉദുമ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരിയായ ശ്രീമതി.മണി.കെ.എൻ, പഞ്ചായത്ത് ഡയറക്ടറുടെ 15.02.2019ലെ ഉത്തരവ് നം PAN/46/2019-E4(DP) പ്രകാരം 25200-54000 ശമ്പള സ്കെയിലിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗകയറ്റം ലഭിച്ചതിനെ തുടർന്ന് 01.03.2019ന് സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. ക്ലാർക്ക് തസ്തികയിൽ 01.09.2019ന് ഇൻക്രിമെന്റ് ലഭിച്ച ഇവരുടെ ശമ്പളം 22,800/-രൂപയായ് ഉടരവെ ലഭിച്ച ഉദ്യോഗകയറ്റത്തെ 01.03.2019ന് 25,200/-രൂപയായ് (സീനിയർ ക്ലാർക്ക് തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമം) ശമ്പളം നിർണ്ണയിച്ചു. സീനിയർ ക്ലാർക്ക് തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിൽ ശമ്പളം നിർണ്ണയം നടത്തിയ ശ്രീമതി.കെ.എൻ.മണിക്ക് അടുത്ത ഇൻക്രിമെന്റ് ഒരു വർഷം കഴിഞ്ഞ് 01.03.2020 ന് ആണ് ലഭിക്കേണ്ടത്. എന്നാൽ ഇവരുടെ സേവന പുസ്തകം പ്രകാരം (പേജ് 37) 01.09.2019 ന് ഇൻക്രിമെന്റ് അനുവദിച്ചിട്ടുണ്ട് (25850/-രൂപ). 01.09.2019 ന് ഇൻക്രിമെന്റ് അനുവദിച്ചത് ക്രമപ്രകാരമല്ല. ഈ അപാകത പരിഹരിച്ച് 01.09.2019 മുതൽ അധികം വാങ്ങിയ ശമ്പളം തിരികെ ഈടാക്കേണ്ടതാണ്.

## 1-20 ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല

തൻ വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില്പനയിലൂടെ ലഭിക്കുന്ന തുകകൾ കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് 2018-19 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ 17 പൊതു മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വിലയായി 48,932/- രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്. ഇത് കൂടാതെ 2014-15 വർഷം മുതൽ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയും ലഭ്യമാക്കേണ്ടതാണ്.

## 1-21 ഡ്രൈനേജ് കവറിംഗ് സ്ലാബ് നിർമ്മാണ പ്രവൃത്തി - കൂടിയ നിരക്കിലുള്ള പ്രവൃത്തി ചെയ്തതിനാൽ അധിക ചെലവ്.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

കുമ്പാ ഭഗവതി ക്ഷേത്രം റോഡ് ഡ്രൈനേജിന് കവറിംഗ് സ്ലാബ് നിർമ്മാണ പ്രവൃത്തിയിൽ കവറിംഗ് സ്ലാബ് നിർമ്മിക്കുന്ന ഇനം പ്രവൃത്തി DSRലെ കൂടിയ നിരക്കുള്ള കോഡ് പ്രകാരം ചെയ്തതിനാൽ 14,935/-രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. നഷ്ടം സംബന്ധിച്ച വിശദ വിവരം ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-1 കാണുക.

## 1-22 കരാറുകാർ ഹാജരാക്കിയ ടാറിന്റെ ബില്ല്-അപാകത

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 03.11.2016 ലെ സർക്കുലർ നം.D2013/CE/LSGD പ്രകാരം റോഡ് പണികൾക്കുള്ള ടാർ കരാറുകാരൻ വാങ്ങുന്ന സംഗതിയിൽ ടാറിന്റെ ഒറിജിനൽ ഇൻവോയ്സ് കർശനമായും സമർപ്പിച്ചിരിക്കേണ്ടതാണ്. എന്നാൽ ഉദുമ ഗ്രാമ പഞ്ചായത്ത് 2018-2019 സാമ്പത്തിക വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന റോഡ് ടാറിംഗ് പ്രവൃത്തികളുടെ കരാറുകാർ സമർപ്പിച്ച ഇൻവോയ്സുകൾ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് /മറ്റ് കരാറുകാർ വാങ്ങിയ ടാറിന്റെ/ എമൽഷന്റെ ഇൻവോയ്സുകളാണ്.

| ക്രമ നം | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നം | കരാറുകാരൻ | ചെലവ് | വൗച്ചർനം, തീയതി. | കരാറുകാർ സമർപ്പിച്ച ഇൻവോയ്സിലെ അപാകത |
|---|---|---|---|---|---|
| 1 | മങ്ങാട് മാർക്കറ്റ് മേൽബാര റോഡ് ടാറിംഗ് (പ്രോജക്ട് നം 167/19) | ഉദുമ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്. | 5,94,314/- | 47/18-19 തീ: 18.12.2018 | ഈ പ്രവൃത്തികളുടെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നത് മാംഗലൂർ റിഫൈനറി & പെട്രോകെമിക്കൽസ് ലിമിറ്റഡ് -ന്റെ 24.03.2018 ലെ ഇൻവോയ്സ് നം KL0000000668-ന്റെ Duplicate for transport കോപ്പിയാണ്. ഈ ഇൻവോയ്സ് പ്രകാരം വാങ്ങിയ 60 ബാരൽ VG-30 ഗ്രേഡിലുള്ള ടാർ പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്തിലെ റോഡ്പണികൾക്കുള്ളതാണെന്ന് ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 2 | കുളിക്കുന്ന് അണിഞ്ഞ റോഡ് ടാറിംഗ് (പ്രോജക്ട് നം 177/19) | ഉദുമ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്. | 5,30,370/- | 46/18-19 തീ: 18.12.2018 | |
| 3 | ജി.യു.പി.എസ് കോട്ടിക്കുളം റെയിൽവെലൈൻ റോഡ് റീടാറിംഗും ബാക്കി ഭാഗം കോണക്രീറ്റിംഗും (പ്രോജക്ട് നം 139/19) | ഷമീർ.എ | 2,83,855/- | 12/18-19 തീ: 22.05.2018 (2,22,000/-) & 13/18-19 തീ: 22.05.2018 (61,855/-) | ഈ പ്രവൃത്തിയുടെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നത് ഹിന്ദുസ്ഥാൻ കോൾസ് പ്രൈവറ്റ് ലിമിറ്റഡ്, മാംഗലൂർ -ന്റെ 07.02.2018 ലെ ഇൻവോയ്സ് നം 4103101564 ആണ്. ഈ ഇൻവോയ്സ് പ്രകാരം വാങ്ങിയ RS1 എമൽഷൻ (2 ബാരൽ) ബാദിഷ. എ.കെ, കൊട്ടച്ചാൽ ഹൗസ്, ആദൂർ എന്നവരുടെ പേരാണ് ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |

പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്തിലെ റോഡ് പ്രവൃത്തികൾ ചെയ്യുന്നതിനായി ഉദുമ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് വാങ്ങിയ ടാർ ഉപയോഗിച്ചാണ് ഉദുമ ഗ്രാമ പഞ്ചായത്തിൽ ഈ സ്ഥാപനം ടെണ്ടറെടുത്ത റോഡ് പ്രവൃത്തികൾ ചെയ്തിരിക്കുന്നത്. സാധാരണഗതിയിൽ ഒരു പഞ്ചായത്തിലെ റോഡ് പ്രവൃത്തികൾക്ക് ആവശ്യമായ ടാറിന്റെ അളവ് എസ്റ്റിമേറ്റിന്റെയടിസ്ഥാനത്തിൽ ബന്ധപ്പെട്ട എഞ്ചിനീയർ കണക്കാക്കിയാണ് കരാറുകാർ ആ പഞ്ചായത്തിലെ റോഡ് പ്രവൃത്തികൾക്ക് ആവശ്യമായ ടാർ വാങ്ങുന്നത്. ആയതിനാൽ പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്തിലെ റോഡ് പണികൾക്കായ് വാങ്ങിയ ടാർ പൂർണ്ണമായും ആ പഞ്ചായത്തിലെ ആവശ്യത്തിന മാത്രമേ തികയുകയുള്ളൂ. അതുപോലെതന്നെ മറ്റൊരുകരാറുകാരൻ ഏറ്റെടുത്തു നടത്തുന്ന റോഡ് പണികൾക്കായ് വാങ്ങിയ എമൽഷൻ ഉപയോഗിച്ചാണ് ശ്രീ. ഷമീർ.എ പഞ്ചായത്തിലെ റോഡ് പ്രവൃത്തികൾ ചെയ്തിരിക്കുന്നത്. ഈ സാഹചര്യത്തിൽ കരാറുകാർ ഹാജരാക്കിയ ടാറിന്റെ/ എമൽഷന്റെ ബില്ലുകളുടെ ആധികാരികത അന്വേഷണ വിധേയമാക്കേണ്ടതാണ്. കൂടാതെ മേൽ പരാമർശിച്ച റോഡ് പ്രവൃത്തികളിൽ ആവശ്യത്തിന് ടാർ/ എമൽഷൻ ഉപയോഗിച്ചിട്ടുണ്ടോ എന്ന വിവരവും പരിശോധിക്കേണ്ടതാണ്. ഇക്കാര്യം തുടർനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-23 കൃഷിഭവൻ സ്റ്റോർ നിർമ്മാണ പ്രവൃത്തിയിൽ ഇളക്കിമാറ്റിയ ഇന്റർലോക്ക് കട്ടകൾ -ഉപയോഗിക്കാതെ കൃഷിഭവനു സമീപം

## സുക്ഷിച്ചിരിക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | | | |
|---|---|---|---|
| പ്രൊജക്ട് നം. | എസ്.ഒ.160/19 ( കൃഷിഭവൻ സ്റ്റോർ നിർമ്മാണം) | | |
| അടങ്കൽ | ₹ 8,35,000/- (₹7,75,993/-മെയിന്റനൻസ് ഫണ്ട് - റോഡിതരം& ₹ 59,007/- തനത് ഫണ്ട്) | | |
| എസ്റ്റിമേറ്റ് | ₹ 8,35,000/- | | |
| എം. ബുക്ക് നം. | 159 | | |
| ആകെ അളവ് മൂല്യം | ₹ 6,88,483/- | | |
| കരാറുകാരൻ | ഉദുമ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്. | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | വൗച്ചർനം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | 93/18-19<br>തീ: 27.03.2019 | ₹ 6,88483/- | ₹ 6,27,995/- |

കൃഷിഭവൻ സ്റ്റോർ നിർമ്മാണ പ്രവൃത്തിക്കായി DSR 2016 (കോസ്റ്റ് ഇൻഡക്സ് 40.2%) പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആകെ 16 ഇനം പ്രവൃത്തികളാണുള്ളത്. എസ്റ്റിമേറ്റിലെ 3-ാമത്തെ ഇനം പ്രവൃത്തി "Taking out existing CC interlocking paver blocks from footpath/ central verge, including removal of rubbish etc., disposal of unserviceable material to the dumping ground, for which payment shall be made separately and stacking of serviceable material within 50 metre lead as per direction of Engineer-in-Charge. (Code 16.83)" എന്നതാണ്. എസ്റ്റിമേറ്റ് പ്രകാരം76.301 $m^2$ പ്രവൃത്തി ചെയ്യുന്നതിന് ₹ 75.64/$m^2$ എന്ന നിരക്കിൽ 5771.41/- രൂപ ഈ ഇനത്തിനായി വകയിരുത്തിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ് നം 5) പ്രകാരം 3-ാമത്തെ ഇനമായി (Taking out existing CC interlocking paver blocks -Code 16.83) 64.92$m^2$ അളവ് പ്രവൃത്തി ചെയ്തിട്ടുണ്ട്. ഇത്രയും അളവ് പ്രവൃത്തി ചെയ്തതിന് ₹ 4,911/- കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ഇളക്കിമാറ്റിയ ഇന്റർലോക്ക് കട്ടകൾ 64.92$m^2$പുനരുപയോഗത്തിന് അനുയോജ്യമല്ല എന്ന് അളവ് പുസ്തകത്തിലെവിടെയും സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ, ഇളക്കിമാറ്റിയ ഇന്റർലോക്ക് കട്ടകൾ ഉപയോഗിച്ച് ഇന്റർലോക്ക് ഇടുന്നയിനം പ്രവൃത്തികളൊന്നുംതന്നെ എസ്റ്റിമേറ്റിൽ ഇല്ല. പ്രവൃത്തിയുടെ ഭാഗമായ് എടുത്തുമാറ്റിയ ഉപയോഗ്യയോഗ്യമായ ഇന്റർലോക്ക് കട്ടകൾ കൃഷിഭവൻ കെട്ടിടത്തിനോട് സമീപം അടുക്കിവച്ചിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. ഇളക്കിമാറ്റിയതിൽ ഉപയോഗ്യയോഗ്യമായ ഇന്റർലോക്ക് കട്ടകൾ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കാനുള്ള മറ്റേതെങ്കിലും പ്രവൃത്തികളിൽ ആവശ്യമാണെങ്കിൽ ഉപയോഗിക്കുകയോ പ്രവൃത്തികളൊന്നുംതന്നെ ഇല്ലെങ്കിൽ ഇളക്കിമാറ്റിയ ഇന്റർലോക്ക് കട്ടകൾ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതുമാണ്. ഇക്കാര്യം തുടർനടപടികൾക്കായ് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-24 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്- കരാറുകാരിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.

2018-2019 വർഷം തൊഴിലുറപ്പ് പദ്ധതിപ്രകാരം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ ചുവടെ പറയുന്ന പ്രവർത്തികൾക്കായി ടെണ്ടർ നടപടികളിലൂടെ കരാറുകാരിൽ നിന്നും സാധനസാമഗ്രികൾ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ആദായ നികുതി നിയമം സെക്ഷൻ 194 cപ്രകാരം ഈടാക്കേണ്ടിയിരുന്ന ആദായ നികുതി (1%) ഈടാക്കാതെയാണ് കരാറുകാർക്ക് തുക അനുവദിച്ചത്. ആദായ നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. - 16 തീയതി 19.12.2019).

| ക്രമ. നം. | പ്രവൃത്തിയുടെ പേര് | എഫ്.ടി.ഒ. നമ്പർ & തിയതി | കരാറുകാരന് നല്കിയ തുക(₹) | കരാറുകാരന്റെ പേര് | ആദായ നികുതി (1%) ഈടാക്കേണ്ടിയിരുന്ന തുക (₹) |
|---|---|---|---|---|---|
| 1 | മുക്കുന്നോത്ത്കുഴി നടപ്പാത നിർമ്മാണം | FTO 392306<br>തീ: 11.12.2018<br>(₹2,04,635/-)<br>FTO 392338<br>തീ:11.12.2018<br>(₹2,03,376/-) | 4,08,011/- | മൊഹമ്മദ് ഷെരീഫ്.പി. ബാര. | 4,080/- |
| 2 | കപ്പണക്കാൽ ലിങ്ക് റോഡ് കോൺക്രീറ്റ് | FTO 491907<br>തീ: 11.01.2019<br>(₹1,80,425/-)<br>FTO 491943<br>തീ: 11.01.2019<br>(₹1,50,612/-) | 3,31,037/- | നാരായണൻ.ഒ, പാക്കം | 3,310/- |
| 3 | കരിപ്പോടി സൗത്ത് | FTO 623745 | 4,06,429/- | | 4,064/- |

| | | | | | |
|---|---|---|---|---|---|
| | നടപ്പാത കോൺക്രീറ്റ് | തീ: 28.03.2019<br>(₹ 1,85,162/-)<br>FTO 623893<br>തീ: 28.03.2019<br>(₹ 2,21,267/-) | | മൊഹമ്മദ് ഷെരീഫ്.പി. ബാര. | |
| | | | | ആകെ | 11,454/- |

## 1-25 പാടശേഖര സമിതികൾക്ക് കുറ്റിപ്പമ്പ് വിതരണം അപാകത.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | S0083/19 |
| പ്രൊജക്റ്റിന്റെ പേര് | പാടശേഖര സമിതികൾക്ക് കുറ്റിപ്പമ്പ് വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഫീൽഡ് ഓഫീസർ |
| അടങ്കൽ | 65,000 (വികസന ഫണ്ട് -ജനറൽ)+<br>14,488(മറ്റുള്ളവ) ആകെ = 79,488 |
| ചെലവ് തുക | 65,000/- രൂപ (വികസന ഫണ്ട് -ജനറൽ) |
| ബിൽ നമ്പർ/ തീയതി | 19/18-19 തീയതി 22.03.2019 |

ഗ്രാമ പഞ്ചായത്തിലെ പാടശേഖര സമിതികൾക്ക് 90 ശതമാനം സബ്സിഡി നിരക്കിൽ കുറ്റിപ്പമ്പുകൾ വാങ്ങി നൽകുക എന്നതാണ് ഈ പ്രൊജക്റ്റ്കൊണ്ട് വിഭാവനം ചെയ്തത്. പ്രൊജക്റ്റ് നടപ്പിലാക്കുന്നതിനായി മേൽ ബിൽ പ്രകാരം പിൻവലിച്ച 65,000/- രൂപ കുറ്റിപ്പമ്പുകൾ വിതരണക്കാരനായ റെയ്ഡ്കോ കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഫീൽഡ് ഓഫീസർ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയുണ്ടായി.(അക്കൗണ്ട് നം.150051000700003) റെയ്ഡ്കോ കാഞ്ഞങ്ങാട് എന്ന സ്ഥാപനം 8 പാടശേഖര സമിതികൾക്ക് കുറ്റിപ്പമ്പുകൾ നല്കുകയുണ്ടായി. (ഇൻവോയിസ് നമ്പർ-KHD/2283/2018-19 തീയ്യതി18.03.2019, KHD/2284/201819തീയതി18.03.2019,KHD/2285/201819തീയതി18.03.2019,KHD/2286/201819തീയതി18.03.2019,KHD/2287/201819തീയതി18.03.2019,KHD/2288/201819തീയതി18.03.2019,KHD/2289/201819തീയതി18.03.2019,KHD/2290/201819തീയതി18.03.2019).പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

ജി.ഒ.(എം.എസ് )80/2017 ത .സ്വ.ഭ.വ 3.4.2017 പ്രകാരമുള്ള സബ്സീഡി മാർഗ്ഗരേഖ അനുസരിച്ച് (2018-19 വർഷത്തേക്ക് ബാധകമായ സബ്സീഡി മാർഗ്ഗരേഖ) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സബ്സീഡി പ്രകാരം പ്രാഥമിക കർഷിക സഹകരണസംഘങ്ങൾ, രജിസ്റ്റർ ചെയ്ത പാടശേഖരസമിതികൾ, രജിസ്റ്റർ ചെയ്ത വനിതാ കർഷക സംഘങ്ങൾ ,രജിസ്റ്റർ ചെയ്ത കാർഷിക കർമ്മസേന എന്നിവയ്ക്ക് നൽകുന്നു. എന്നാൽ കുറ്റിപ്പമ്പുകൾ കൈപ്പറ്റിയ രജിസ്റ്റർ ചെയ്തതായിപറയപ്പെടുന്ന താഴെപറയുന്ന 5 പാടശേഖരസമിതികൾ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ (രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ട് എന്നതും വ്യക്തമാക്കുന്ന രേഖകൾ ) ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

i) നെക്ലി അട്ടക്കത്ത് വയൽ പാടശേഖരസമിതി.

ii) മാങ്ങാട് പാടശേഖരസമിതി.

iii) ബാര പാലോടത്ത് പാടശേഖരസമിതി.

iv) തെക്കേക്കര ഒതവാട്ട്പടിഞ്ഞാറ് പാടശേഖരസമിതി.

v) മേൽ ബാര പാടശേഖരസമിതി.

പ്രൊജക്റ്റ് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ച അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നമ്പർ. 07/17-12-2019 പ്രകാരം വിശദീകരണം ചോദിച്ചതിന് ലഭ്യമാക്കിയ മറുപടിയിൽ കനിയാംപാടി പാടശേഖരസമിതി,ഏരോൽ പാടശേഖരസമിതി,മുദിയക്കൽ പാടശേഖരസമിതി എന്നിവയുടെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും ബാക്കിയുള്ള 5 പാടശേഖരസമിതികളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 65,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 ജിയോ ഇൻഫോമാറ്റിക് പഞ്ചായത്ത് (ഭൗമ വിവര പഞ്ചായത്ത്)-പദ്ധതി നടത്തിപ്പ്-ന്യൂനതകൾ

2018-19 വാർഷിക പദ്ധതിയിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ പ്രൊ.നം 106/18-19 ഭൗമ വിവര പഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി ഓഡിറ്റ് വർഷം 5.5 ലക്ഷം രൂപ പദ്ധതി നിർവ്വഹണ സ്ഥാപനമായ കരകുളം ഗ്രാമീണ പഠനകേന്ദ്രത്തിന് നൽകിയിട്ടുണ്ട്. (ട്രഷറി ബിൽ.നം.9/15.9.2018 ₹ 2,50,000/- & ട്രഷറി ബിൽ.നം --825172തിയതി.31.01.2019₹3,00,000/-) . പദ്ധതിയുടെ അന്തിമ ബിൽ 2,50,000/-നൽകിയത് 2019-20 വർഷമാണ് . പദ്ധതി നടത്തിപ്പിൽ ചുവടെ ചേർത്ത ന്യൂനതകൾ

ശ്രദ്ധയിൽപ്പെടുകയുണ്ടായി

1) ഗ്രാമ പഞ്ചായത്തുകൾക്ക് ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നതിന് അനുമതി നല്കുന്ന സർക്കാർ ഉത്തരവ്/ സർക്കുലർ/ മാർഗ്ഗരേഖ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ അധികൃതർക്ക് സാധിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തുകളിൽ ജൈവവൈവിധ്യരജിസ്റ്റർ തയ്യാറാക്കുന്നതിന് സർക്കാർ പ്രത്യേക ഉത്തരവും മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിരുന്നു. എന്നാൽ മേൽ പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല, കൂടാതെ വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് പരാമർശിച്ചിട്ടുമില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയോടൊപ്പം നൽകിയ സർക്കാർ കത്തിൽ (നം.39005/ഡി.എ1/07/തസ്വഭവ തി.9.10.2007) കരകളം ഗ്രാമീണ പഠന കേന്ദ്രത്തിനെ ഗ്രാമ പഞ്ചായത്തുകൾ നടപ്പിലാക്കുന്ന റിസോഴ്സ് മാപ്പിങ്ങ് പ്രവർത്തികൾ ഏറ്റെടുക്കുന്നതിനുള്ള ഏജൻസിയായി നിശ്ചയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾ ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശമോ , ഉത്തരവുകളോ സർക്കാർ പുറപ്പെടുവിക്കാത്ത സാഹചര്യത്തിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നതിന് മുമ്പ് സർക്കാരിൽ നിന്നും മുൻകൂർ അനുമതി നേടേണ്ടിയിരുന്നുവെങ്കിലും പ്രസ്തുത വ്യവസ്ഥ ഗ്രാമ പഞ്ചായത്തിൽ പാലിച്ചിട്ടില്ല.

2) പദ്ധതി നടപ്പിലാക്കിയ കരകളം ഗ്രാമീണ പഠന കേന്ദ്രവുമായി ഒപ്പുവെച്ച കരാർഉടമ്പടി പ്രകാരം പദ്ധതിപ്രകാരം ഉദ്ദമ ഗ്രാമ പഞ്ചായത്തിന്റെ സാമൂഹിക സാമ്പത്തിക വിവരങ്ങൾ, റോഡ് കണക്റ്റിവിറ്റി , തെരുവ് വിളക്കുകളുടെ വിവരം , ജലസ്രോതസ്സുകളുടെ വിവരം, കെട്ടിടങ്ങൾ ഉൾപ്പെടുന്ന അസറ്റുകളുടെ വിവരം തുടങ്ങിയവ ഉൾപ്പെടുത്തി തയ്യാറാക്കുന്ന ഫൈനൽ പ്രൊജക്ട് ഐ.കെ.എം.പ്ലാറ്റ്ഫോമിൽ ലോക്കൽ സോഫ്റ്റ് വെയറുകളിലും, വെബ് ആപ്ലിക്കേഷനിലും ഉപയോഗിക്കാവുന്നതരത്തിലായിരിക്കണം എന്ന് വ്യവസ്ഥചെയ്യുന്നുണ്ട് . പദ്ധതിയുടെ അന്തിമ ബിൽ 2019-20 വർഷം നല്കിയിട്ടുണ്ടെങ്കിലും കരാറിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ ഫൈനൽ പ്രൊജക്ട് ഐ.കെ.എം.പ്ലാറ്റ്ഫോമിൽ ലോക്കൽ സോഫ്റ്റ് വെയറുകളുമായി ബന്ധിപ്പിക്കുവാൻ നാളിതുവരെ സാധിച്ചിട്ടില്ല. കരാർ വ്യവസ്ഥ പൂർണ്ണമായി പാലിക്കാതെ അന്തിമ ബിൽ നല്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

3) മേൽ സ്ഥാപനം ശേഖരിച്ച് വെബ് പ്ളാറ്റ്ഫോമിൽ ലഭ്യമാക്കിയിട്ടുള്ള വിവരങ്ങൾ ഗ്രാമ പഞ്ചായത്ത് തലത്തിൽ പരിശോധിച്ച് ആധികാരികത ഉറപ്പുവരുത്തിയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4) നിലവിൽ വെബ് പ്ളാറ്റ്ഫോമിൽ ലഭ്യമാക്കിയിട്ടുള്ള വിവരങ്ങളുടെ സുരക്ഷ സംബന്ധിച്ച് വ്യവസ്ഥകൾ നിർവ്വഹണ സ്ഥാപനവുമായി ഒപ്പുവെച്ച കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതിൽ ഉൾപ്പെട്ട വ്യക്തിഗത വിവരങ്ങളുടെ സുരക്ഷ ഉറപ്പാക്കുവാനായി സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതാണ്.

5) ജിയോ ഇൻഫോർമാറ്റിക് പ്ലാറ്റ്ഫോമിൽ ലഭ്യമായ വിവരങ്ങൾ ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി ആസൂത്രണത്തിലും മറ്റ് ദൈനംദിന പ്രവർത്തനങ്ങൾക്കും പ്രയോജനപ്പെടുത്തുന്നതിന് മുമ്പായി പ്രസ്തുത വിവരങ്ങളുടെ ആധികാരികത പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും , ഭരണ വകുപ്പിൽ നിന്നുമുള്ള അനുമതി വാങ്ങേണ്ടതുമാണ്. അതുപോലെ കരാറിലെ സുപ്രധാന വ്യവസ്ഥ (ഐ.കെ.എം സോഫ്റ്റ് വെയറുകളുമായി ബന്ധിപ്പിക്കൽ ) പൂർത്തിയാക്കുവാൻ ബന്ധപ്പെട്ട സ്ഥാപനത്തിന് നിർദ്ദേശം നൽകേണ്ടതുമാണ്. കൂടാതെ ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ ഉണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ട രേഖകൾ/ ഉത്തരവുകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. ആയതുവരെ പദ്ധതിയ്ക്കായി 2018-19 വർഷം വിനിയോഗിച്ച 5,50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 തെരുവ് വിളക്ക് പരിപാലനം

ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി വർഷം തോറും ഭീമമായ സംഖ്യ ചെലവഴിക്കപ്പെടുന്നുണ്ട്. 2017-18 വർഷം തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി നടപ്പിലാക്കിയ രണ്ട് പദ്ധതികൾ പ്രകാരം 7,85,000/- രൂപ ചെലവിൽ 480 തെരുവ് വിളക്കുകളും , 2018-19 വർഷം 6 ലക്ഷം രൂപ ചെലവിൽ 218 തെരുവ് വിളക്കുകളും സ്ഥാപിച്ചിട്ടുണ്ട്. 2018-19 വർഷം തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ 605184/- രൂപയും വിനിയോഗിച്ചിട്ടുണ്ട്. തെരുവ് വിളക്കുപരിപാലനവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1).തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശത്തിൽ കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തി തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.പ്രസ്തുത നിർദ്ദേശം പാലിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഓരോ വാർഡിലേയും തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ (പോസ്റ്റ് നമ്പർ,ഇനം, എണ്ണം ect.) ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിരുന്നില്ല. ഗ്രാമ പഞ്ചായത്തിൽ 2018-19, 2019-20 വർഷങ്ങളിലായി നടപ്പിലാക്കിയ ജിയോ ഇൻഫോർമാറ്റിക് പഞ്ചായത്ത് പദ്ധതിപ്രകാരം തയ്യാറാക്കി വെബ് പ്ലാറ്റ്ഫോമിൽ ലഭ്യമായ തെരുവ് വിളക്ക് സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ രജിസ്റ്റർ രൂപത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ബിയുമായി സംയുക്ത പരിശോധന നടത്താത്തിനാലും മേൽപ്രകാരം തയ്യാറാക്കിയ വിവരങ്ങളുടെ ആധികാരികത ഗ്രാമ പഞ്ചായത്ത് പരിശോധിച്ച് അധികൃതമാക്കാത്തതിനാലും നിലവിൽ തയ്യാറാക്കിയ രജിസ്റ്ററിലെ വിവരങ്ങളുടെ സാധുത ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങളിൽ കൃത്യത വരുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3) തെരുവ് വിളക്ക് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പരാതി രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ പരിപാലിക്കുന്നില്ല. തെരുവ് വിളക്ക് തകരാർ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ സംബന്ധിച്ച് പോസ്റ്റ് നമ്പർ സഹിതമുള്ള വിശദാംശങ്ങളും, അവ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങളും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പരാതി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

4) പുതുതായി സ്ഥാപിക്കുന്ന തെരുവ് വിളക്കുകൾക്ക് ലഭിക്കേണ്ട വാറന്റി കാലയളവിലെ സേവനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

5) പുതുതായി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും, തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ പദ്ധതികൾക്കും, സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നത് ബന്ധപ്പെട്ട ഗ്രാമ സഭകളുടെ ശുപാർശ പരിഗണിച്ച് തന്നെ ആയിരിക്കേണ്ടതാണ്. ഗ്രാമ സഭകൾ മുഖേന ഉയരുന്ന നിർദ്ദേശങ്ങളുടെ ആവശ്യകത വർക്കിങ്ങ് ഗ്രൂപ്പുകൾ മുഖേന ചർച്ച ചെയ്ത് ആവശ്യമായ തീരുമാനങ്ങൾ എടുക്കേണ്ടതാണ്.തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതികളുടെ നടത്തിപ്പ് കെ.എസ്.ഇ.ബിയുടെ സൂപ്പർവിഷനിൽ തന്നെ നടത്തേണ്ടതാണ്. അതു പോലെ ലൈൻ ദീർഘിപ്പിക്കൽ പദ്ധതികൾക്കായി തുക നിക്ഷേപിക്കുമ്പോൾ കെ.എസ്.ഇ.ബിയുമായി കൃത്യമായി കരാർഉടമ്പടി ചമയ്ക്കുവാനും, നിശ്ചിത സമയപരിധിക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്ന കാര്യം ഉറപ്പുവരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ഹരിത കേരള മിഷൻ പദ്ധതി

തദ്ദേശ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പ്രൊജക്റ്റുകൾ ഹരിത കേരളം മിഷന്റെ ശുചിത്വ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കുന്ന രീതിയിലായിരിക്കണം ആവിഷ്കരിക്കേണ്ടതെന്ന് വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ പ്രദേശത്തേയും മാലിന്യമുക്തമാക്കുന്നതിനായി ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവമാലിന്യം ശേഖരിച്ച് പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയായിരിക്കണം മാലിന്യ സംസ്കരണ

പ്രവർത്തനങ്ങളുടെ പൊതു സമീപനം. ഗ്രാമ പഞ്ചായത്ത് തലത്തിൽ ഹരിത കർമ്മസേന രൂപീകരിച്ച് ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുന്നതിനായി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുവാനും ഉപകരണങ്ങൾ സ്ഥാപിക്കുവാനും തദ്ദേശ സ്ഥാപനങ്ങൾക്ക് പദ്ധതി ആവിഷ്കരിക്കാം.

ഉദുമ ഗ്രാമ പഞ്ചായത്തിൽ ഹരിത കർമ്മസേന പ്രവർത്തനങ്ങൾ 2018 ഏപ്രിൽ മാസമാണ് ആരംഭിച്ചത് ഓരോ വർഡിലേയ്ക്കും 2 പേരെ വീതം 21 വാർഡുകളിലേയ്ക്കായി 42 ഹരിത കർമ്മസേന പ്രവർത്തകരെ നിയോഗിച്ചിട്ടുണ്ട്. ഹരിത കർമ്മസേന പ്രവർത്തനങ്ങൾക്കായി ഓഡിറ്റ് വർഷം പ്രൊ.നം 218/19 പ്രകാരം 45,305 രൂപ ചെലവഴിച്ചിട്ടുണ്ട്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് യൂണീഫോം വാങ്ങുന്നതിന് 22,050 രൂപയും, രജിസ്റ്ററുകൾ, തിരിച്ചറിയൽ കാർഡുകൾ എന്നിവയ്ക്കായി 15,755 രൂപയും, ശേഖരിച്ച അജൈവമാലിന്യം- കടത്തുകൂലി ഇനത്തിൽ 7500/-രൂപയും ഇതുപ്രകാരം വിനിയോഗിച്ചിട്ടുണ്ട്. നിലവിൽ വീടുകളിൽ നിന്നും 20 രൂപയും, സ്ഥാപനങ്ങളിൽ നിന്നും 50 രൂപയുമാണ് യൂസർഫീ ഈടാക്കി വരുന്നത്. ഇതുപ്രകാരം 2018-19 വർഷം 53,360 രൂപയും , 2019-20 വർഷം ജൂൺ മാസം വരെ 40,390 രൂപയും യൂസർഫീയായി പിരിച്ചെടുക്കുകയും. പ്രസ്തുത തുക ഹരിത കർമ്മസേന പ്രവർത്തകരുടെ വേതനം ഇനത്തിൽ നല്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ മെറ്റീരിയൽ കളക്ഷൻ സെന്റർ ആരംഭിക്കാത്തതിനാൽ ഹരിത കർമ്മസേന ശേഖരിക്കുന്ന അജൈവ മാലിന്യം കൈകാര്യം ചെയ്യുവാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ അറിയിക്കുകയുണ്ടായി. ഇതിനായി സ്ഥലം വാങ്ങിയിട്ടുണ്ടെന്നും, 2019-20 വർഷം എം.സി.എഫിനായി കെട്ടിടം നിർമ്മിക്കുമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി, ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ തരം തിരിച്ച് പുനരുപയോഗപ്രദമായവ വിപണനം ചെയ്യുന്നതിനും, അവശേഷിക്കുന്നവ സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം സംസ്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഹരിത കേരള മിഷൻ മാർഗ്ഗരേഖ പാലിച്ച് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതോടൊപ്പം , പൊതു സ്ഥലങ്ങളിൽ മാലിന്യം തള്ളുന്നത് തടയുന്നതിന് ബോധവൽകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി, ഇത്തരം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുവാനും ഭരണസമിതി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-29 ലൈഫ് ഭവന പദ്ധതി - പൂർത്തീകരിക്കാത്ത ഭവനങ്ങൾ

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ലൈഫ് ഭവന പദ്ധതിയ്ക്കായി പ്രൊ.നം.186/19 പ്രകാരം 2018-19 വർഷം 1.42 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ (ഉദുമ സർക്കിൾ ) ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 167 പേർ ഉൾപ്പെടുന്ന ഭവന രഹിതരുടെ പട്ടികയിൽ നിന്നും 81 പേരെയാണ് അന്തിമമായി തെരഞ്ഞെടുത്തത് . കൂടാതെ ഭൂരഹിത ഭവന രഹിത ലിസ്റ്റിൽ പെട്ടവരിൽ പിന്നീട് ഭൂമി ലഭ്യമായ 4 ഗുണഭോക്താക്കളും , കുമ്പള ഗ്രാമ പഞ്ചായത്തിൽ നിന്നും ട്രാൻസ്ഫർ ചെയ്ത ഒരു ഗുണഭോക്താവും ഉൾപ്പടെ ഭവന നിർമ്മാണമാരംഭിച്ച 53 പേരിൽ 47 പേർ നിർമ്മാണം പൂർത്തീകരിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. ഇതിൽ 28 പേർക്ക് അവസാന ഗഡു ഒരു ലക്ഷം രൂപ വീതം നൽകുവാനുള്ളതായും, സ്റ്റേറ്റ് ഷെയർ ലഭ്യമാകാത്തതിനാലാണ് തുക നൽകാത്തതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ചുവടെ ചേർത്ത 6 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്.ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനും , നിർമ്മാണം പൂർത്തീകരിച്ചിട്ടും അവസാന ഗഡു നൽകാത്തവർക്ക് പ്രസ്തുത തുക ലഭ്യമാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (യൂണിറ്റ് നിരക്ക് 4,00,000)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ബേബി.കെ D/o കൃഷ്ണൻ | 2,00,000 |
| 2 | ഓമന W/o രാജൻ | 3,00,000 |
| 3 | നിഷ.സി.കെ | 3,00,000 |
| 4 | സമീറ.വി.എ | 3,00,000 |
| 5 | കാർത്ത്യായനി.കെ.വി | 3,00,000 |
| 6 | മാധവി.പി.W/o മോഹൻദാസ് | 3,00,000 |

## 1-30 ധൂപചൂർണ്ണ വിതരണ പദ്ധതി

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ ആയുർവ്വേദം നടപ്പാക്കിയ ധൂപ ചൂർണ്ണ വിതരണ പദ്ധതി (പ്രൊ.നം.110/18-19) പ്രകാരം (ട്രഷറി ബിൽ നം.3/ തി. 21.11.2018) 1,14,988 രൂപ ചെലവഴിച്ച് 6084 പാക്കറ്റ് ധൂപ ചൂർണ്ണം വിവിധ വാർഡുകളിലെ ആശാവർക്കർമാർക്ക് വിതരണം ചെയ്തിട്ടുണ്ട്. രോഗപ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി കൊതുക നശീകരണമാണ് പദ്ധതിപ്രകാരം ലക്ഷ്യമിട്ടിരുന്നത്.

ഔഷധങ്ങൾ വിതരണം ചെയ്യേണ്ടത് ബന്ധപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിലെ മെഡിക്കൽ ഓഫീസർമാർ രോഗികളെ പരിശോധിച്ച് പ്രസ്തുത റിപ്പോർട്ടിന്റെ (കുറിപ്പടി) അടിസ്ഥാനത്തിലാണ്. രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണെങ്കിൽ അത്യാവശ്യഘട്ടങ്ങളിൽ പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ നടത്തി ആവശ്യമുള്ള രോഗികൾക്ക് മരുന്നുകൾ വിതരണം ചെയ്യാവുന്നതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പദ്ധതിപ്രകാരം വാങ്ങിയ ധൂപചൂർണ്ണം മേൽ നടപടികൾ പാലിക്കാതെ ആശാ വർക്കർമാർക്ക് കൈമാറുകയാണ് ഉണ്ടായത് . ആശാ വർക്കർമാരുടെ അക്വിറ്റൻസ് ഉണ്ടെങ്കിലും അവ ആർക്കൊക്കെ എത്ര പാക്കറ്റുകൾ വീതം വിതരണം ചെയ്തുവെന്നത് സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിട്ടില്ല. കൊതുക ശല്യം കുറയ്ക്കുവാനുള്ള പ്രസ്തുത ഔഷധം വിതരണം ചെയ്യുന്നതിന് മുമ്പ് ആരോഗ്യ വിഭാഗത്തിൽ നിന്നും ഇതിന്റെ ആവശ്യകത സംബന്ധിച്ച റിപ്പോർട്ടുകളും ശേഖരിച്ചിട്ടില്ല .

പദ്ധതിപ്രകാരം നല്കിയ ധൂപ ചൂർണ്ണം കൊതുക ശല്യത്തിനുള്ള താൽക്കാലിക പരിഹാരമാണ് . ശാശ്വത പരിഹാരം ഉറവിട നശീകരണ പ്രവർത്തനങ്ങളിലൂടെയും ഇതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയുമാണ് സാധിക്കുക. ഇത്തരം പദ്ധതികൾ നിലവിൽ ആരോഗ്യവകുപ്പ് തലത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ ( പകർച്ചവ്യാധി ഭീഷണി നിലനിൽക്കുന്ന സാഹചര്യങ്ങളിൽ) പട്ടിക വർഗ്ഗ സങ്കേതങ്ങളിലും മറ്റും രോഗപ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി മെഡിക്കൽ ക്യാമ്പുകൾ വെച്ച് നിർധനരായ രോഗികൾക്ക് മാത്രമായി ഇത്തരം പദ്ധതികൾ പരിമിതപ്പെടുത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതിപ്രകാരം ആശാവർക്കർമാർക്ക് കൈമാറിയ ധൂപ ചൂർണ്ണ പാക്കറ്റുകൾ ജനങ്ങൾക്ക് വിതരണം ചെയ്തത് സംബന്ധിച്ച രേഖകളും, പദ്ധതിയുടെ നേട്ടം സംബന്ധിച്ച് മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 വരവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ--ഇല്ല-

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 ഡ്രൈനേജ് കവറിംഗ് സ്ലാബ് നിർമ്മാണ പ്രവൃത്തി - കൂടിയ നിരക്കിലുള്ള പ്രവൃത്തി ചെയ്തതിനാൽ അധിക ചെലവ്.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

കുറുമ്പാ ഭഗവതി ക്ഷേത്രം റോഡ് ഡ്രൈനേജിന് കവറിംഗ് സ്ലാബ് നിർമ്മാണ പ്രവൃത്തിയിൽ കവറിംഗ് സ്ലാബ് നിർമ്മിക്കുന്ന ഇനം പ്രവൃത്തി DSRലെ കൂടിയ നിരക്കുള്ള കോഡ് പ്രകാരം ചെയ്തതിനാൽ 14,935/-രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രൊജക്ട് നം. | എസ്.ഒ.200/19 ( കുറുമ്പാ ഭഗവതി ക്ഷേത്രം റോഡ് ഡ്രൈനേജ് & കവർ സ്ലാബ് നിർമ്മാണം) | | |
| അടങ്കൽ | ₹ 200,93,0/- (₹ 2,21,660/- ധനകാര്യകമ്മീഷൻ അവാർഡ് + ₹ 71,340/- തനത് ഫണ്ട്) | | |
| എസ്റ്റിമേറ്റ് | ₹ 2,93,000/- | | |
| സാങ്കേതികാനുമതി. | ₹ 2,93,000/- TS No 62434/2018-2019 Dated 03.07.2018 | | |
| എം. ബുക്ക് നം. | 265/17-18 | | |
| ആകെ അളവ് മൂല്യം | ₹ 2,67,359/- | | |
| കരാറുകരാൻ | ശ്രീ. കെ.ഗോപാലൻ | | |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | വൗച്ചർനം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| തനത് ഫണ്ട് | 43/18-19<br>തീ: 18.12.2018 | ₹45,699/- | ₹ 45,699/- |
| ധനകാര്യകമ്മീഷൻ അവാർഡ് | 49/18-19<br>തീ: 29.12.2018 | ₹ 2,21,660/- | ₹ 2,10,964/- |
| | ആകെ | ₹ 2,67,359/- | ₹ 2,56,663/- |

കുറുമ്പാ ഭഗവതി ക്ഷേത്രം റോഡ് ഡ്രൈനേജ് & കവർ സ്ലാബ് നിർമ്മാണം എന്ന പ്രവൃത്തിക്കായി DSR 2016 (കോസ്റ്റ് ഇൻഡക്സ് 38.24%) പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആകെ 5 ഇനം പ്രവൃത്തികളാണുള്ളത്. എസ്റ്റിമേറ്റിലെ 1-ാമത്തെ ഇനം പ്രവൃത്തി "Reinforced cement concrete work in beams, suspended floors, roofs having slope up to 15° landings, balconies, shelves, chajjas, lintels, bands, plain window sills, staircases and spiral stair cases above plinth level up to floor five level, excluding the cost of centering, shuttering, finishing and reinforcement, with 1:1.5:3 (1 cement : 1.5 coarse sand(zone-III) : 3 graded stone aggregate 20 mm nominal size (Code 5.3)" എന്നതാണ്. എസ്റ്റിമേറ്റ് പ്രകാരം 10.00 $m^3$ പ്രവൃത്തി ചെയ്യുന്നതിന് ₹ 10217.04/$m^3$ എന്ന നിരക്കിൽ 1,02,170/- രൂപ ഈ ഇനത്തിനായി വകയിരുത്തിയിട്ടുണ്ട്.

പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ് 12) പ്രകാരം 1ാമത്തെ ഇനം പ്രവൃത്തിയായി 9.191 $m^3$ അളവ് RCC ("Reinforced cement concrete work in beams, suspended floors, roofs having slope up to 15° landings, balconies, shelves, chajjas, lintels, bands, plain window sills, staircases and spiral stair cases above plinth level up to floor five level, excluding the cost of centering, shuttering, finishing and reinforcement, with 1:1.5:3)" പ്രവൃത്തി ചെയ്തിട്ടുണ്ട്. ആയതിന് ₹ 10217.04/$m^3$ എന്ന

നിരക്കിൽ അളവു മൂല്യം കണക്കാക്കി (അളവ് പുസ്തകം, പേജ് 15) ₹ 93,905/- കരാറുകാരന് അനുവദിച്ചിട്ടുമുണ്ട്.

ഈ പ്രവൃത്തിയിലെ 1ാമത്തെ ഇനമായ ഡ്രൈനേജിന് കവറിംഗ് സ്ലാബ് നിർമ്മാണ പ്രവൃത്തിയ്ക്ക് DSR 2016ലെ കോഡ് നം. **5.3** (Reinforced cement concrete work in beams, suspended floors, roofs having slope up to 15° landings, balconies, shelves, chajjas, lintels, bands, plain window sills, staircases and spiral stair cases above plinth level up to floor five level, excluding the cost of centering, shuttering, finishing and reinforcement, with 1:1.5:3 (1 cement : 1.5 coarse sand(zone-III) : 3 graded stone aggregate 20 mm nominal size) പ്രകാരമുള്ള ₹ 10217.04/$m^3$ എന്നയിനം പ്രവൃത്തിക്കുള്ള നിരക്കാണ് അനുവദിച്ചിരിക്കുന്നത് (Cost index 38.24 with CP & OH). DSR ലെ കോഡ് **5.3** പ്രകാരമുള്ള RCC കെട്ടിടങ്ങളുടെ ബീമുകൾ, മേൽക്കൂരകൾ തുടങ്ങിയ നിർമ്മിക്കുന്നതിനുള്ളതാണ്. ഡ്രൈനേജുകളുടെ കവറിംഗ് സ്ലാബ് നിർമ്മാണ പ്രവൃത്തിയ്ക്ക് DSR ലെ കോഡ് നം. **5.1.2** (Providing and laying in position specified grade of reinforced cement concrete, excluding the cost of centering, shuttering, finishing and reinforcement - All work up to plinth level: 1:1.5:3 (1 cement : 1.5 coarse sand (zone-III): 3 graded stone aggregate 20 mm nominal size) എന്നയിനം പ്രവൃത്തിയാണ് ചെയ്യേണ്ടത്. DSR 2016 ലെ കോഡ് കോഡ് നം. **5.1.2** പ്രകാരമുള്ള RCC പ്രവൃത്തി ചെയ്യുന്നതിനുള്ള നിരക്ക് ₹ 8592.10/$m^3$ (Cost index 338.24 with CP & OH) ആണ്. ആയതു പ്രകാരം പ്രവൃത്തിയിലെ 1ാമത്തെ ഇനമായ ഡ്രൈനേജിന് കവറിംഗ് സ്ലാബ് നിർമ്മാണത്തിനായ് ചെയ്ത 9.191 $m^3$ അളവ് പ്രവൃത്തിക്ക് 78,970/-രൂപയാണ് (9.191 $m^3$ x ₹ 8592.10/$m^3$) കരാറുകാരന് അനുവദിക്കേണ്ടത്. എസ്റ്റിമേറ്റിൽ കൂടിയ നിരക്കുള്ള ഇനം പ്രവൃത്തി ഉൾപ്പെടുത്തിയതുമൂലം 14,935/- രൂപയുടെ (₹ 93,905 – ₹ 78,970) അധിക ചെലവുണ്ടായിട്ടുണ്ട്. പ്രവൃത്തിയ്ക്ക് അധികം ചെലവഴിച്ച 14,935/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ആയത് പരിശോധിച്ച് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായ് ഈടാക്കേണ്ടതാണ്.

(മേൽ പ്രവൃത്തികൾക്കായി ₹ 14,935/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം. 5 തീ: 17.12.2019 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല).

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2018-19 | 10-07-2019 മുതൽ 11-07-2019 വരെ | കെ.എസ്.എ-കെ.എസ്.ഡി3/398/2019, തീയ്യതി.20-07-2019. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 425000 | നെൽകൃഷി വികസന പദ്ധതി | 425000 | |
| | 2018-19 | 1153663 | ലൈഫ് ഭവന പദ്ധതി | 1153663 | |
| | 2018-19 | 350000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 350000 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | പെയിൻ &പാലിയേറ്റീവ് പദ്ധതി | 200000 | |
| | 2018-19 | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | |
| | 2018-19 | 1304053 | ലൈഫ് ഭവന പദ്ധതി | 1304053 | |
| | 2018-19 | 100000 | അഗതി രഹിത കേരളം പദ്ധതി | 0 | 100000 |
| കുടുംബശ്രീ മിഷൻ | 2018-19 | 1250000 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ | 0 | 1250000 |

കുറിപ്പ്: അഗതി രഹിത കേരളം പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്ത് അനുവദിച്ച 100000 രൂപ ഗ്രാമ പഞ്ചായത്ത് പ്രൊജക്ട് രൂപീകരിക്കാത്തതിനാൽ ചെലവഴിക്കുവാൻ സാധിച്ചിട്ടില്ല. ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ- പദ്ധതി 2019-20 വർഷം നടപ്പിലാക്കി വരുന്നു.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പാ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റെയും , തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ (MS) നം 68/2018 തസ്വഭവ. തി.18-5-2018 &ജി.ഒ (MS) നം 111/2018 തസ്വഭവ. തി.13-8-2018 | 5943126 | 0 | | 0 | 5943126 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1313479 |
| തൻവർഷം നിക്ഷേപിച്ചത് | 113421 (പലിശ വരവ്) |
| ആകെ | 1426900 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന തുക | 1426900 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം.(31-3-2019)

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി (Renewel) | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക് ഉദുമ ശാഖ | 26.9.2018 | 26.09.2019 | 351743 | (FD.No. 008015) |
| 2 | കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക് ഉദുമ ശാഖ | 27.9.2018 | 27.09.2019 | 339853 | (FD.No. 96651) |
| 3 | ഉദുമ വനിതാ സഹകരണ സംഘം | 9.10.2018 | 08.10.2019 | 365171 | (FD.No. 2394) |
| 4 | ഉദുമ വനിതാ സഹകരണ സംഘം | 30.9.2018 | 30.09.2019 | 370133 | (FD.No. 4264) |
| | | | | 1426900 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3066/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2001-02 | 4(9) | 3066/- | ഉഷാദേവി.കെ.വി | 118040107658 തിയതി.20.12.2018 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | വിഷയാധിഷ്ഠിത അവലോകനം | 2013-14 | 5.2.4.1 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂൾ | തുടരുന്നു |
| 2013-14 | വിഷയാധിഷ്ഠിത അവലോകനം | 2013-14 | 5.2.4.1 | എം.ജി.എൽ.സി അടിസ്ഥാന സൗകര്യങ്ങൾ കുറവ് | തുടരുന്നു |
| 2014-15 | 2(9),2(10),2(11) | 2016-17 | ഖണ്ഡിക1 അനുബന്ധം3 | വസ്തു നികുതി | തുടരുന്നു |
| 2014-15 | 2(12), 2(13) | 2016-17 | ഖണ്ഡിക2 അനുബന്ധം4 | തൊഴിൽ നികുതി | തുടരുന്നു |
| 2015-16 | 2(5),2(6),2(7), 2(8),2(9) | 2016-17 | ഖണ്ഡിക2 അനുബന്ധം5 | തൊഴിൽ നികുതി | തുടരുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,65,42,330/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,86,46,162/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14,935/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,15,000/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ (രൂപ) | സർചാർജ് ചെയ്യാവുന്നവ (രൂപ) | |
| 3-1 | - | ₹14935/- | ₹7468/- ശ്രീമതി.രമ്യ.ടി.വി, അസിസ്റ്റന്റ് എഞ്ചിനിയർ |
| | | | ₹7467/- ശ്രീ.കമലാക്ഷൻ.പി.കെ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | - | ₹14,935 / | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-25 | 65,000 | ശീതൾ ശിവൻകട്ടി,കൃഷി ഓഫീസർ |
| 1(26) | 2,50,000/- | എസ്.സിറോഷ് , സെക്രട്ടറി |
| | 3,00,000/- | ദേവദാസ്.പി , സെക്രട്ടറി |
| ആകെ | 6,15,000/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖ.1-24, ₹ 11,454/- ആദായനികുതി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.രമ്യ.ടി.വി, അസിസ്റ്റന്റ് എഞ്ചിനിയ.ർ | അസിസ്റ്റന്റ് എഞ്ചിനിയർ, പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്ത്. | W/Oരഘുനാഥൻ, ശ്രുതിലയം, വട്ടപ്പൊയിൽ, നീലേശ്വരം , കാസറഗോഡ് ജില്ല. |
| ശ്രീ.കമലാക്ഷൻ.പി.കെ, അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ, (റിട്ടയേർഡ്) | അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ, (റിട്ടയേർഡ്) അച്ചൂസ് (ഹൗസ്), കാലിക്കടവ് , പിലിക്കോട്, കാസറഗോഡ് ജില്ല. |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈവകുപ്പിൽനിന്നും പുറപ്പെടുവിച്ച ഏറ്റവുംഒടുവിലത്തെകത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെഎണ്ണം |
|---|---|---|
| 1981-82 | LFC.8/216/86തീയ്യതി 07-06-1986 | 18 |
| 1987-88മുതൽ 1988-89 വരെ | LF/KSD.2/40/97തീയ്യതി 05.03.1997 | 14 |
| 1989-90 മുതൽ 1990-91 വരെ | LF/KSD.5/475/98തീയ്യതി 04.03.1999 | 12 |
| 1991-92 | LF/KSD.5/21/98തീയ്യതി28.03.1999 | 14 |
| 1992-93 മുതൽ 1995-96 വരെ | LF/KSD. 4/269/03 തീയ്യതി 04.06.2008 | 11 |
| 1996-97 | LF/KSD. 5/530/99 തീയ്യതി 06.11.1999 | 12 |
| 1997-98 | LF/KSD.5/594/99തീയ്യതി 02.02.2000 | 20 |
| 1998-99 | LF/KSD.5/411/01 തീയ്യതി 09.01.2003 | 43 |
| 2000-01 | KSA/KSD.8/495/2019 തീയ്യതി 29.06.2019 | 1 |
| 2000-01(പ്ലാൻ) | LF/KSD. 4/629/03 തീയ്യതി 06.02.2004 | 16 |
| 2001-02 (പ്ലാൻ) | LF/KSD. 4/784/04 തീയ്യതി 05.12.2005 | 4 |
| 2001-02 | LF/KSD. 4/130/06തീയ്യതി 10.08.2007 | 12 |
| 2002-03 | KSA/KSD.8/33/2019 തീയ്യതി 01.06.2019 | 7 |
| 2003-04 | KSA/KSD.8/33/2019 തീയ്യതി 01.06.2019 | 11 |
| | [illegible] | |

| | | |
|---|---|---|
| 2004-05 | KSA/KSD.8/33/2019 തീയ്യതി 01.06.2019 | 11 |
| 2005-06 | KSA/KSD.8/33/2019 തീയ്യതി 01.06.2019 | 9 |
| 2006-07 | LF/KSD.6/697/11 തീയ്യതി31.12.2011 | 13 |
| 2007-08 | LF/KSD.3/830/12 തീയ്യതി 11.12.2012 | 14 |
| 2008-09 | LF/KSD. 6/250/12 തീയ്യതി 10.08.2012 | 8 |
| 2009-10 | LF/KSD. 6/235/12 തീയ്യതി 09.08.2012 | 8 |
| 2010-11 & 2011-12 | LF/KSD.9/594/13തീയ്യതി 6.03.2014 | 7 |
| 2012-13 & 2013-14 | LF/KSD. 8/570/16തീയ്യതി 22.08.2016 | 5 |
| 2014-15 | KSA/KSD./1278/2015.തീയ്യതി 31.12.2015 | 20 |
| 2015-16 | KSA/KSD.8/1021/2016.തീയ്യതി 15.10.16 | 23 |
| 2016-17 | KSA/KSD.8/638/2017.തീയ്യതി 17.06.2017 | 20 |
| 2017-18 | KSA/KSD.8/561/2019.തീയ്യതി 16-07-2019 | 6 |

ഡെപ്യൂട്ടിഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം: കെ.എസ്.എ/കെ.എസ്.ഡി.8/1224/2019.


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയ, കാസറഗോഡ് - 671123.

ഇ-മെയിൽ : doksd.ksad@kerala.gov.in

ഫോൺ : 0499 4256690.

തീയ്യതി: 09-01-2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഉദുമ ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1(11) ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-2 ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്

Udma Grama Panchayat
INCOME & EXPENDITURE STATEMENT
For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 12501587.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 168570.00 |
| 140000000 | Fee & User Charges | I-4(b) | 1244886.00 |
| 150000000 | Sale & Hire Charges | I-5(b) | 85474.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 134558395.00 |
| 170000000 | Income from Investments | I-7 | 113421.00 |
| 171000000 | Interest Earned | I-8 | 529399.00 |
| 180000000 | Other Income | I-9 | 27453.00 |
| | **Total Income** | | **149229185.00** |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11954332.00 |
| 220000000 | Administrative Expenses | I-11(b) | 957959.00 |
| 230000000 | Operations & Maintenance | I-12(b) | 1091040.00 |
| 240000000 | Interest & Finance Charges | I-13 | 709.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7443050.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 45293054.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1882487.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 92923.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 53921100.00 |
| 255000000 | Maintenance Projects | I-14(e) | 11328572.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 850.00 |
| 260000000 | Grants, Contributions & Compensation from Own Fund / | I-15 | 200000.00 |

| | | | |
|---|---|---|---|
| | Subsidies | | |
| 272000000 | Depreciation | I-17(a) | 8563905.00 |
| | **Total Expenditure** | | **142729981.00** |
| | **Gross Surplus/ Deficit of income over Expenditure** | | **6499204.00** |
| 280000000 | Prior Period Item | I-18 | 3328335.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **3170869.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3 റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്

Udma Grama Panchayat
RECEIPT & PAYMENT STATEMENT
For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 13726868.00 |
| Cash | Cash | RP-40(a) | 393843.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 2234760.00 |
| 130000000 | Rental income from Panchayat Properties | RP-3 | 7350.00 |
| 140000000 | Fees & User Charges | RP-4 | 990026.00 |
| 150000000 | Sale & Hire Charges | RP-5 | 83974.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 60186003.00 |
| 171000000 | Interest Earned | RP-9 | 529399.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9578735.00 |
| 350000000 | Other Liabilities | RP-36 | 421214.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 27453.00 |
| 312000000 | Reserves | RP-30 | 0.0 |
| 330000000 | Secured Loans | RP-32 | 5943126.00 |
| 340000000 | Deposits Received | RP-34 | 189041.00 |
| 350000000 | Other Liabilities | RP-36 | 448349.00 |
| 412000000 | Capital Work In Progress | RP-40 | 500000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 25303991.00 |
| 460000000 | Loans, Advances and Deposits | RP-47 | 98909.00 |
| | **Grand total** | | **120663041.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3559066.00 |
| 220000000 | Administrative Expenses | RP-12 | 784475.00 |
| 230000000 | Operations & Maintenance | RP-13 | 1067638.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6617135.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 24715082.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1875704.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 92923.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1088400.00 |
| 255000000 | Maintenance Projects | RP-20 | 11328572.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 850.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 200000.00 |
| 280000000 | Prior Period item | RP-26 | -99031.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 453391.00 |
| 350000000 | Other Liabilities | RP-36 | 6437809.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 709.00 |
| 280000000 | Prior Period Item | RP-26 | -25220.00 |
| 340000000 | Deposits Received | RP-34 | 19554.00 |
| 350000000 | Other Liabilities | RP-36 | 3327208.00 |
| 410000000 | Fixed Assets | RP-38 | 8947939.00 |
| 412000000 | Capital work in Progress | RP-40 | 972044.00 |
| 440000000 | Pre-paid Expenses | RP-45 | 5943126.00 |
| 460000000 | Loans, Advances and Deposits | RP-47 | 1338788.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 41831039.00 |
| Cash | Cash | RP-40(b) | 185840.00 |
| | **Grand Total** | | **120663041.00** |

# അനുബന്ധം-4 ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| | Udma Grama Panchayat<br>BALANCE SHEET | | |
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 43509925.75 |
| 312000000 | Reserves | B-3 | 56856991.00 |
| | Total Reserve & Surplus | | 100366916.75 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8489409.00 |
| | Total Grants, Contributions for Specific Purposes | | 8489409.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 5943126.00 |
| | Total Loans | | 5943126.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 400367.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2130585.32 |
| | Total Current Liabilities and Provisions | | 2530952.32 |
| | TOTAL LIABILITIES | | 117330404.07 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 104041153.00 |
| 411000000 | Accumulated Depreciation | B-11 | -41889557.90 |
| 412000000 | Capital Work in Progress | B-11(a) | 702607.00 |
| | Total Fixed Assets | | 62854202.10 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 1426900.00 |
| | Total Investments | | 1426900.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1668762.97 |
| 440000000 | Pre-paid Expenses | B-16 | 5943126.00 |
| 450000000 | Cash and Bank Balance | B-17 | 42016879.00 |
| 460000000 | Loans, Advances and Deposits | B-18 | 3420534.00 |

| | |
|---|---|
| Total Current Assets, Loans and Advances | 53049301.97 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 117330404.07 |